FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE

# JAGRATHA NEWS

238th Issue November, 2015



# ജാഗ്രത

ഫാസിസ്റ്റു പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തണം:
കെ.സി.ബി.സി ഐക്യജാഗ്രതാ സമിതി ..... 02

ഫ്രാൻസിസ് പാപ്പായുടെ കാരുണ്യത്തിന്റെ സ്വരം ..... 03
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി.

ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശങ്ങൾ ..... 04-05

സമൂഹത്തിൽ ഭീതി പടർത്തുന്നു ..... 07

സഭ, രാഷ്ട്രീയം, വർത്തമാനം ..... 08

അനാഥബാല്യത്തോടുള്ള കൊടുംക്രൂരത ..... 09

ടി.വി. തോമസിന്റെ അന്ത്യകൂദാശയും
ചില യാഥാർത്ഥ്യങ്ങളും ..... 10

സി.ബി.സി.ഐ., കെ.സി.ബി.സി. പ്രസ്താവനകൾ ..... 11-12

ദത്തെടുക്കൽ:
പുതിയ മാർഗരേഖ ആശങ്കാജനകം ..... 11

തെരുവുനായ ശല്യത്തിനെതിരെ ഉപവാസം:
പിന്തുണ അറിയിച്ച് കെ.സി.ബി.സി ..... 11

മദ്രാസ് ഹൈക്കോടതിയുടെ വിധി ആശങ്കാജനകം ..... 11

വർഗീയ ശക്തികൾക്കെതിരെ
ജാഗ്രത പുലർത്തണം ..... 12

ക്വാറികളുടെ പരിസ്ഥിതി അനുമതി:
ഹൈക്കോടതി വിധി സ്റ്റേ ചെയ്യാൻ വിസമ്മതിച്ച
സുപ്രീംകോടതി നിലപാട് സ്വാഗതാർഹം ..... 12

ജനസംഖ്യ: ആർഎസ്എസ് നിലപാട് ആപത്കരം ..... 12

വാർത്തകൾ ..... 13-20

സഭാതലം ..... 13

സാമൂഹികം ..... 13-17

ഐക്യജാഗ്രതാകമ്മീഷൻ വാർത്തകൾ ..... 18-20

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi - 25
Phone: +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: jagrathakcbc.blogspot.com

# ഫാസിസ്റ്റു പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തണം: കെ.സി.ബി.സി ഐക്യജാഗ്രതാ സമിതി

**കൊച്ചി:** ഫാസിസ്റ്റു പ്രവണത രാഷ്ട്രീയ സാമുദായിക പ്രസ്ഥാനങ്ങളുടെ മുഖ്യധാരാ സ്വഭാവമായി മാറുന്നതിനെതിരെ സമൂഹം ജാഗ്രത പുലർത്തണമെന്ന് കെ.സി.ബി.സി ഐക്യജാഗ്രതാ സമിതി ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആഹ്വാനം ചെയ്തു. കെസിബിസി ഐക്യജാഗ്രതാ സമിതിയുടെ മേഖലാ-സംസ്ഥാന ഭാരവാഹികളുടെ സമ്മേളനം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശിക-ദേശിയ തലങ്ങളിൽ ശക്തി പ്രാപിക്കുന്ന സാംസ്കാരിക തീവ്രവാദവും അസഹിഷ്ണുതയും സമാധാനപൂർണമായ സാമൂഹ്യജീവിതത്തിനും ഭാരതത്തിന്റെ പൗരാണിക പാരമ്പര്യങ്ങൾക്കും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതേതര ജനാധിപത്യത്തിനും പൗരസ്വാതന്ത്ര്യത്തിനും കടുത്ത ഭീഷണി ഉയർത്തുന്നു. രാഷ്ട്രീയ താത്പര്യങ്ങൾക്കുവേണ്ടി സമുദായങ്ങൾ തമ്മിൽ ശത്രുതയും സ്പർധയും വളർത്തുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവം ശ്രമം നടത്തുന്നത് തിരിച്ചറിയാനുള്ള പക്വത സമൂഹത്തിനുണ്ടാകണം. ഭരണത്തിന്റെ നേതൃത്വതലങ്ങളിൽ പ്രവർത്തിക്കുന്നവർപോലും ഭീഷണികളും അവകാശവാദങ്ങളുമുയർത്തി ജനങ്ങളിൽ ബോധപൂർവം ഭീതിയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കാൻ ശ്രമിക്കുന്നതായും ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു.




സ്വതന്ത്രമായി ചിന്തിക്കുകയും എഴുതുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ശാരീരികമായി ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന സാംസ്കാരിക ഫാസിസവും, സമൂഹത്തിന്റെ ബഹുസ്വരതയെ നിഷേധിക്കുന്ന അവകാശവാദങ്ങളും തള്ളിക്കളയാൻ സമൂഹം തയ്യാറാവുകയും, ഇത്തരം പ്രവണതകൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്യണമെന്ന് സമ്മേളനം ആഹ്വാനം ചെയ്തു. സഭയും സമൂഹവും നേരിടുന്ന കാലിക പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. വി. വി ജോഷി, വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ അധ്യാപക ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ജോഷി വടക്കൻ, സഭയും രാഷ്ട്രീയവും കേരളത്തിന്റെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജോ പൈനാടത്ത്, സമരത്തിന്റെ പുതിയ മുഖങ്ങളും പാഠങ്ങളും എന്ന വിഷയത്തിൽ വരാപ്പുഴ അതിരൂപത പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ് എന്നിവർ പ്രബന്ധാവതരണം നടത്തി.

കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, പി.ഒ.സി. അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ജോർജ് കുരുക്കൂർ, കെ.സി.ബി.സി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സാജു സി.എസ്.റ്റി., സീറോ മലബാർ സഭ വക്താവ് റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, കെ.സി.എഫ് പ്രസിഡന്റ് ഷാജി ജോർജ്, കമ്മീഷൻ മേഖലാ ഡയറക്ടർ ഫാ. കോശി ചിറക്കരോട്ട്, സാബു ജോസ് എന്നിവർ പ്രസംഗിച്ചു. **(കെ.സി.ബി.സി ഐക്യജാഗ്രതാ സമിതി, ദീപിക 17.10.2015)**




**കെ.സി.ബി.സി ഐക്യജാഗ്രതാകമ്മീഷന്റെ ജനറൽബോഡിമീറ്റിംഗിൽ അഡ്വ. ഷെറി ജെ. തോമസ്, ശ്രീ. ഷാജി ജോർജ്, അഡ്വ. വി. വി. ജോഷി, ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് (കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ ചെയർമാൻ), റവ. ഫാ. ജോർജ് കുരുക്കൂർ (അസിസ്റ്റന്റ് ഡയറക്ടർ, പി.ഒ.സി; ചീഫ് എഡിറ്റർ, പി.ഒ.സി), ശ്രീ. സിജോ പൈനാടത്ത്, ശ്രീ. ജോഷി വടക്കൻ**

# ഫ്രാൻസിസ് പാപ്പായുടെ കാരുണ്യത്തിന്റെ സ്വരം



ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി.

ആധുനിക ലോകത്തിൽ ധാർമികബോധത്തിന്റെ പ്രതികരണമായി ഫ്രാൻസിസ് പാപ്പാ ഇന്ന് നിലകൊള്ളുന്നു. തിരുസഭയുടെ മുഖം കാരുണ്യത്തിന്റെ മുഖമായിരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ പ്രഭാഷണളുടെയെല്ലാം കാതൽ. ജനഹൃദയങ്ങളെ സ്പർശിക്കുന്ന കാരുണ്യത്തിന്റെ വാക്കുകളാണ് പാപ്പായുടെത്. കരുണയുടെ അടിസ്ഥാനം സ്നേഹമാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതാണ് ക്രൈസ്തവ പുണ്യപൂർണ്ണതയുടെ കല്പന. ദൈവമക്കളെ നിർണയിക്കാനുള്ള മാനദണ്ഡം കരുണയാണെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈയിടെ ക്യൂബയിലും ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിലും അമേരിക്കയിലും വത്തിക്കാനിൽ കുടുംബസിനഡിലും അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ ലോകമന:സാക്ഷിയെ ഉണർത്തി. ആഗോളതലത്തിൽ ധാർമ്മികബോധത്തിന്റെ ഒരു പുതിയ തരംഗം സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിയുന്നുണ്ട്. അദ്ദേഹത്തിന്റെ സൗമ്യതയും അനാർഭാടമായ ജീവിതശൈലിയും ലോകത്തെ സ്വാധീനിക്കുന്നു. പ്രപഞ്ചം നമ്മുടെ പൊതുഭവനമാണെന്നും നാം പ്രപഞ്ചത്തിന്റെ ഭാഗമാണെന്നുമുള്ള പ്രബോധനങ്ങളിലൂടെ പ്രകൃതിയെ സ്നേഹിക്കാനും ആദരിക്കാനും സംരക്ഷിക്കാനും നമുക്ക് കടമയുണ്ടെന്ന് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു. പ്രകൃതിയുടെ ദുരുപയോഗിക്കലും നശിപ്പിക്കലും ഒഴിവാക്കണമെന്ന ശക്തമായ ആഹ്വാനം പാപ്പാ നല്കുന്നു. ഒരു പരിസ്ഥിതി മാനസാന്തരത്തിലേക്ക് അദ്ദഹം സമൂഹത്തെ ക്ഷണിക്കുന്നു. നീതിയാണ് സമാധാനത്തിന്റെ അടിസ്ഥാനം എന്നു പാപ്പാ ശക്തമായി വാദിക്കുന്നു. യുദ്ധം, ശക്തിപ്രകടനങ്ങൾ, പാവങ്ങളുടെ പക്ഷം ചേരൽ, മറ്റുള്ളവരെ വിധിക്കൽ, സുവിശേഷത്തിന്റെ സന്തോഷം എന്നിവയെപ്പറ്റിയൊക്കെയുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ ലോക മാധ്യമങ്ങൾ ചർച്ചാവിഷയമാക്കി.

ഫ്രാൻസിസ് മാർപാപ്പായുടെ യു.എസ് സന്ദർശനവേളയിൽ പ്രസിഡന്റ് ബറാക് ഒബാമ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: യേശുവിന്റെ ഏറ്റവും ശക്തമായ സന്ദേശം കരുണയാണെന്ന് അങ്ങ് ഞങ്ങളെ ഓർമിപ്പിക്കുന്നു. അതിന്റെ അർത്ഥം പരദേശികളെ തുറന്ന ഹൃദയത്തോടെ സ്വാഗതം ചെയ്യുക എന്നതാണ്. യുദ്ധത്താൽ ഛിന്നഭിന്നമായ ദേശങ്ങളിൽ നിന്നും പലായനം ചെയ്യുന്ന അഭയാർഥികളോടു ഒരു മെച്ചപ്പെട്ട ജീവിതം തേടി വീട് വിട്ടിറങ്ങുന്ന കുടിയേറ്റക്കാരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും ബഹിഷ്കരിക്കപ്പെട്ടവരോടും കഷ്ടപ്പെടുന്നവരോടും കരുണയും സ്നേഹവും കാണിക്കണമെന്നാണ് അങ്ങ് അഭ്യർത്ഥിക്കുന്നത്. അങ്ങയുടെ, വാക്കിലും പ്രവൃത്തിയിലുമുള്ള വിശുദ്ധി പരമമായ ഒരു ധാർമിക മാതൃക ഞങ്ങൾക്കു നല്കുന്നു. ദൈവത്തോടും പരസ്പരവുമുള്ള ഞങ്ങളുടെ കടപ്പാടുകളെക്കുറിച്ചുള്ള അങ്ങയുടെ മൃദുലവും എന്നാൽ ഉറച്ചതുമായ ഓർമിപ്പിക്കലിലൂടെ അങ്ങ് ഞങ്ങളെ ഞങ്ങളുടെ സ്വസ്ഥതകളിൽ നിന്ന് കുലുക്കി പുറത്തേക്ക് കൊണ്ടുവരുന്നു, സുവിശേഷത്തിൽ ആനന്ദിച്ച് എളിമയുടെ ശുശ്രൂഷയിൽ ഒരുമിച്ചു വരാനും കൂടുതൽ സ്വതന്ത്രവും നീതിപൂർവകവും സ്നേഹനിർഭരവുമായ ഒരു ലോകത്തെ അന്വേഷിക്കാനും വേണ്ട ആത്മവിശ്വാസം അങ്ങയുടെ വാക്കുകൾ ഞങ്ങൾക്കും നല്കും. ഇവിടെയും ലോകമെമ്പാടും, ഞങ്ങളുടെ തലമുറ ജീവിക്കേണ്ട പ്രത്യാശയുടെ ഈ മുന്നേറ്റത്തിൽ, അതിർവരമ്പുകളിൽ ആയിരിക്കുന്നവരിൽ നിന്ന് ഞങ്ങളുടെ ദൃഷ്ടികൾ അകറ്റാതിരിക്കാൻ അങ്ങയുടെ വാക്കുകൾ ഞങ്ങൾക്കു ശക്തി പകരുന്നു.

അമേരിക്കൻ നിയമനിർമ്മാണസഭകളുടെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ചരിത്രം സൃഷ്ടിച്ച മാർപാപ്പായുടെ പ്രസംഗത്തിൽ കാലാവസ്ഥാവ്യതിയാനം, വധശിക്ഷ, കുടിയേറ്റ പ്രശ്നം, കുടുംബം, ജീവന്റെ മൂല്യം, ദാരിദ്ര്യം, തുടങ്ങിയവയെല്ലാം പരാമർശവിഷയങ്ങളായി. കുടിയേറ്റക്കാരുടെ സംഖ്യ കണ്ടു ഭയപ്പെടാതെ ആ മനുഷ്യരുടെ മുഖത്തേക്കു നോക്കാനും അവരുടെ കദനകഥകൾക്കു ചെവികൊടുക്കാനും അവരെ സ്വാഗതം ചെയ്യാനും അദ്ദേഹം ആഹ്വാനം ചെയ്തു. അമേരിക്കയിൽ നിന്നുള്ള മടക്കയാത്രയ്ക്ക് മുമ്പ് അദ്ദേഹം നടത്തിയ ഹ്രസ്വമായ വിടവാങ്ങൽ പ്രസംഗം വളരെ ശ്രദ്ധേയമാണ്. ഈ രാജ്യം അദ്ഭുതകരമായ സാധ്യതകളാൽ അനുഗൃഹീതമാണ്. പാവങ്ങളെയും രോഗികളെയും ഭവനരഹിതരെയും കുടിയേറ്റക്കാരെയും പരിപാലിക്കുന്നതിലും ജീവനെ അതിന്റെ എല്ലാ ഘട്ടങ്ങളിലും സംരക്ഷിക്കുന്നതിലും കുടുംബജീവിതത്തെ പോഷിപ്പിക്കുന്നതിലും നിങ്ങൾ ശ്രദ്ധ ചെലുത്തുണം. അത് യേശുവിന്റെ സ്നേഹം ജീവിക്കലാണ്.

# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശങ്ങൾ

## തെരുവുമക്കളോട് കരുണ കാണിക്കുക

ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളും ചൂഷണം ചെയ്യപ്പെടുന്ന ലൈംഗികത്തൊഴിലാളികളും ഇന്നത്തെ സമൂഹത്തിൽ ലജ്ജാകരമായ യാഥാർഥ്യമാണെന്ന് ഫ്രാൻസിസ് മാർപാപ്പ. തെരുവുമക്കളെ സംരക്ഷിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തുന്ന വിവിധ സംഘടനകളെ പാപ്പ പ്രശംസിച്ചു. പല കാരണങ്ങളാൽ തെരുവിൽ ജീവിക്കാൻ നിർബന്ധിതരാകുന്നവരുടെ സ്ഥിതിയിൽ മാറ്റം വരുത്താൻ കൂടുതൽ ശ്രദ്ധ കാണിക്കണമെന്ന് പാപ്പ അഭ്യർഥിച്ചു.തെരുവുമക്കളുടെയും കുടിയേറ്റക്കാരുടെയും സംരക്ഷണത്തിനായുള്ള പൊന്തിഫിക്കൽ സമിതിയുടെ അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന അന്താരാഷ്ട്ര സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു പാപ്പ. വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് കാതലായ മാറ്റങ്ങൾ ഈ പ്രശ്നത്തിൽ വരുത്താൻ കഴിയട്ടെയെന്നും പാപ്പ ആശംസിച്ചു. **(കത്തോലിക്കാസഭ, 18/9/2015)**

## അനുകമ്പയുടെ വിപ്ലവം ആവശ്യം

കത്തോലിക്കാ പൈതൃകം വീണ്ടെടുക്കാനും മറ്റുള്ളവരോട് സഹാനുഭൂതിയോടെ പെരുമാറാനും ഫ്രാൻസിസ് മാർപാപ്പ ക്യൂബൻ ജനതയെ ആഹ്വാനം ചെയ്തു. അനുകമ്പയുടെയും അനുരഞ്ജനത്തിന്റെയും വിപ്ലവമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ത്രിദിന ക്യൂബൻ പര്യടനത്തിന്റെ സമാപനത്തിൽ സാന്റിയാഗോയിലെ മാതാവിന്റെ ബസിലിക്കയിൽ ദിവ്യബലി അർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്യൂബക്കാർക്ക് മാതാവിനോടുള്ള ഭക്തി പ്രശംസാർഹമാണെന്നു മാർപാപ്പ പറഞ്ഞു. മാതാവിന്റെ മാതൃക അനുസരിച്ച് മറ്റുള്ളവരുടെ സേവനത്തിനായി മുന്നിട്ടിറങ്ങാൻ വിശ്വാസികൾ തയാറാവണമെന്ന് അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് റൗൾ കാസ്ട്രോയും ദിവ്യബലിയിൽ പങ്കെടുക്കാനെത്തിയിരുന്നു. **(ദീപിക 23/9/2015)**

## കാലാവസ്ഥാവ്യതിയാനം തടയൽ: നടപടികൾ ത്വരിതപ്പെടുത്തണം

കാലാവസ്ഥാ വ്യതിയാനം തടയാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ അമേരിക്കയോടു മാർപാപ്പയുടെ ആഹ്വാനം. അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ്ഹൗസിലെ പുൽത്തകിടിയിൽ പ്രസിഡന്റ് ബറാക് ഒബാമയുമായി നടത്തിയ കൂടിക്കാഴ്ചയിലാണു ഫ്രാൻസിസ് മാർപാപ്പ ഇക്കാര്യം ആവശ്യപ്പെട്ടത്. കാലാവസ്ഥാ വ്യതിയാനം അടുത്ത തലമുറക്കായി ബാക്കിവയ്ക്കേണ്ട ഒന്നല്ലെന്നു മാർപാപ്പ പറഞ്ഞു. അതിനെക്കുറിച്ചു ചിന്തിക്കേണ്ട ഒരു നിർണായക ഘട്ടത്തിലാണു നാം ജീവിക്കുന്നതെന്നു പറഞ്ഞ മാർപാപ്പ അന്തരീക്ഷ മലിനീകരണം കുറയ്ക്കാനുള്ള ഒബാമയുടെ നടപടികളെ പ്രശംസിച്ചു. **(ദീപിക 24/9/2015)**

## കുടിയേറ്റക്കാർക്ക് എതിരേ മുഖം തിരിക്കരുത്

യു എസ് കോൺഗ്രസിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത ആദ്യ മാർപാപ്പയെന്ന റിക്കാർഡ് ഫ്രാൻസിസ് മാർപാപ്പയ്ക്ക്. അനധികൃത കുടിയേറ്റക്കാർക്ക് എതിരെ മുഖം തിരിക്കരുതെന്നും മത, വംശീയ ന്യൂനപക്ഷങ്ങളോടു വിവേചനം അരുതെന്നും യുഎസ് കോൺഗ്രസിൽ നടത്തിയ 45 മിനിറ്റ് ദീർഘിച്ച പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ദാരിദ്ര്യത്തിനെതിരെ സന്ധിയില്ലാത്ത സമരം നടത്താനും സമ്പത്ത് നീതിപൂർവകമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനും കോൺഗ്രസ് അംഗങ്ങളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും തീവ്രവാദത്തിനെതിരെ പ്രത്യാശയോടെ പടപൊരുതണമെന്നും അദ്ദേഹം പറഞ്ഞു.രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇതുവരെ കാണാത്ത അഭയാർഥി പ്രവാഹത്തിനാണ് ഇപ്പോൾ ലോകം സാക്ഷ്യം വഹിക്കുന്നത്. മെച്ചപ്പെട്ട ജീവിതസാഹചര്യം തേടിയെത്തുന്ന അഭയാർഥികളെ ശത്രുക്കളായി കാണാതെ സഹാനുഭൂതിയോടെ അവരോടു പെരുമാറാൻ ലോക രാജ്യങ്ങൾക്കു കഴിയണമെന്നു നിറഞ്ഞ കൈയടികൾ ക്കിടെ ഫ്രാൻസിസ് പാപ്പ പറഞ്ഞു. **(ദീപിക 25/9/2015)**

## എല്ലാത്തരം മൗലികവാദവും ആപത്ത്

ഏതുരൂപത്തിലുള്ള മൗലികവാദത്തിനെതിരെയും ലോകം ജാഗ്രത കാണിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. അമേരിക്കയുടെ പാർലമെന്റായ കോൺഗ്രസിന്റെ സംയുക്തസമ്മേളനത്തിലാണ് പാപ്പ ഈ മുന്നറിയിപ്പ് നൽകിയത്. തീവ്രവാദികൾക്കെതിരായ പോരാട്ടം മതസ്വാതന്ത്ര്യത്തിന്റെ ചെലവിലാകരുതെന്ന അദ്ദഹം ഓർമിപ്പിച്ചു. വ്യക്തിപരമായ മിഥ്യാബോധവും പ്രത്യശാസ്ത്രപരമായ തീവ്രതയും ഉള്ളവർ എല്ലാ മതത്തിലും ഉണ്ട്. അതുകൊണ്ട് മതപരമായതു മാത്രമല്ല, എല്ലാത്തരം മൗലികവാദത്തെയും നാം സൂക്ഷ്മമായി വേണം നേരിടാൻ അദ്ദേഹം പറഞ്ഞു. ലോകമെങ്ങും വധശിക്ഷ ഇല്ലാതാക്കണമെന്നും പാപ്പ അഭിപ്രായപ്പെട്ടു. ഓരോ ജീവനും വിലപ്പെട്ടതാണ്. അത് സംരക്ഷിക്കുകയെന്നത് നമ്മുടെ കർത്തവ്യമാണ്. പ്രതീക്ഷയുടെ മാനവും പുരരധിവാസമെന്ന ലക്ഷ്യവും ഇഴുകിച്ചേർന്ന ശിക്ഷാരീതികളാണ് അഭികാമ്യം. **(മാതൃഭൂമി 25/9/2015)**

## ഞാനും കുടിയേറ്റ സന്തതി

യൂറോപ്പിലേക്ക് അഭയാർഥിപ്രവാഹം തുടരുന്നതിനിടെ യു.എസിലെ കുടിയേറ്റ വിരുദ്ധ മനോഭാവത്തിനെതിരെ യു.എസ് കോൺഗ്രസിൽ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം. പോയ കാലത്തിന്റെ പാപങ്ങളും തെറ്റുകളും ആവർത്തിക്കരുതെന്നും അഭയാർഥികളോടു കാരുണ്യം കാട്ടണമെന്നുമാണു കോൺഗ്രസ് അംഗങ്ങളോട് ഇംഗ്ലീഷിലുള്ള പ്രസംഗത്തിൽ മാർപാപ്പ ആവശ്യപ്പെട്ടത്. കുടിയേറ്റക്കാരുടെ സന്തതിയെന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടായിരുന്നു മാർപാപ്പ കുടിയേറ്റ പ്രശ്നത്തെക്കുറിച്ചു സംസാരിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇറ്റലിയിൽനിന്ന് അർജന്റീനയിൽ കുടിയേറിപ്പാർത്തവരായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ മാതാപിതാക്കൾ. അഭയാർഥികളോടു മാനുഷികപരിഗണനയും സാഹോദര്യവും നീതിയും പുലർത്തണം, ശത്രുതാമനോഭാവം മാറ്റണം. അഭായാർഥികളെയും വ്യക്തികളായി കാണണം. വധശിക്ഷലോകവ്യപകമായി ഒഴിവാക്കണമെന്നും മനുഷ്യജീവൻ അതിന്റെ ഓരോ ഘട്ടത്തിലും നമ്മൾ സംരക്ഷിക്കണമെന്നും മാർപാപ്പ പറഞ്ഞു.

വൈറ്റ് ഹൗസിലേക്കു തിരഞ്ഞെടുക്കപ്പെട്ടാൽ ഒരു കോടിയിലേറെ വരുന്ന അനധികൃത കുടിയേറ്റക്കാരെയെല്ലാം യു.എസിൽ നിന്നു നാടുകടത്തുണമെന്നു പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള പ്രമുഖ റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊനാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തിന്റെയും മറ്റും പശ്ചാത്തലത്തിലാണു മാർപാപ്പയുടെ സ്നേഹവചസ്സുകൾ. **(മനോരമ 25/9/2015)**

## വധശിക്ഷ നിറുത്തലാക്കണം

ആഗോളതലത്തിൽ വധശിക്ഷ നിർത്തലാക്കണമെന്നു ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടു യു.എസ് കോൺഗ്രസ് സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തു കൊണ്ടാണ് മാർപാപ്പ ഇക്കാര്യം ആവശ്യപ്പെട്ടത്. ഓരോ മനുഷ്യജീവനും പരിപാവനമാണ്. മനുഷ്യജീവന് സംരക്ഷണം നൽകേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണെന്നും മാർപാപ്പ പറഞ്ഞു.

യൂറോപ്പിലെ അഭയാർഥി പ്രശ്നം, യു.എസിലെ ലാറ്റിനമേരിക്കൻ കുടിയേറ്റ പ്രശ്നം എന്നിവയെക്കുറിച്ചും മാർപാപ്പ പരാമർശിച്ചു. അഭയാർഥികളെ എണ്ണത്തിന്റെ പേരിൽ കണക്കാക്കാതെ മനുഷ്യത്വത്തിന്റെ പേരിൽ നോക്കികാണണം. അവരുടെ ദയനീയമായ മുഖത്തേക്ക് നോക്കുക, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക. അവർക്ക് പറ്റാവുന്ന രീതിയിൽ സഹായം ചെയ്തുകൊടുക്കുക എന്നതിനാകണം പ്രാധാന്യംനൽകേണ്ടത്. **(ജനയുഗം 26/9/2015)**

## യു.എൻ രക്ഷാസമിതി പരിഷ്കരിക്കണം

ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതി അടക്കമുള്ള ഏജൻസികൾ പരിഷ്കരിക്കണമെന്നു മാർപാപ്പ ആവശ്യപ്പെട്ടു. അധികാരപ്രകടനങ്ങൾ പരിമിതപ്പെടുത്താനുള്ള ശക്തമായ നടപടികൾ ആവശ്യമാണ്. അമിതാധികര പ്രവണതയുടെ ദുരനുഭവങ്ങൾ ലോകം ഏറെ കണ്ടുകഴിഞ്ഞു. യു.എന്നിന്റെ 70 വർഷത്തെ അനുഭവം നവീകരണം അനിവാര്യമെന്ന് തെളിയിക്കുന്നു. യു.എൻ രക്ഷാസമിതിയും സാമ്പത്തിക ഏജൻസികളും നവീകരിക്കുന്നത് എല്ലാത്തരം അധികാര ദുരുപയോഗവും ഇല്ലാതാക്കാൻ സഹായകമാകും. യു.എൻ പൊതുസഭയിൽ മാർപാപ്പ പറഞ്ഞു. **(ദേശാഭിമാനി 26/9/2015)**

## പരിസ്ഥിതിയെയും പാവങ്ങളെയും സംരക്ഷിക്കണം

പരിസ്ഥിതി സംരക്ഷണത്തിനും ദാരിദ്ര്യ നിർമാർജനത്തിനുമായി പ്രവർത്തിക്കാൻ ഫ്രാൻസിസ് മാർപാപ്പ ലോക നേതാക്കളെ അഹ്വാനം ചെയ്തു. യു.എൻ ജനറൽ അസംബ്ലിയെ അഭിസംബോധന ചെയ്തു മാർപാപ്പ നടത്തിയ പ്രസംഗം പ്രധാനമന്ത്രിമാരും പ്രസിഡന്റും ഉൾപ്പെടുന്ന സദസ് അതീവ താത്പര്യത്തോടെ ശ്രവിച്ചു. സ്വാർഥതയും ആർത്തിയും ദ്രവ്യാസക്തിയും പ്രകൃതിയുടെ ദുരുപയോഗത്തിനിയടാക്കും. അവശവിഭാഗങ്ങളെ മുഖ്യധാരയിൽനിന്നു മാറ്റിനിർത്തുന്നതിനും ഇതിനിടയാക്കും. പരിസ്ഥിതി സംരക്ഷണത്തിനായി ഉറച്ച കാൽവയ്പു നടത്താൻ ലോകരാഷ്ട്രങ്ങൾ മുന്നോട്ടുവരണമെന്നു മാർപാപ്പ പറഞ്ഞു. മനുഷ്യർക്ക് അവയവ വില്പന, ലൈംഗിക ചൂഷണം, ആയുധവ്യാപാരം, മയക്കുമരുന്ന് വില്പന, തീവ്രവാദം എന്നിവയെല്ലാം സാമ്പത്തിക സാമൂഹിക ഒറ്റപ്പെടലിന്റെ അനന്തരഫലങ്ങളാണെന്നും മാർപാപ്പ പറഞ്ഞു.**(ദീപിക 26/9/2015)**

## അല്മായരുടെ പങ്കു സുപ്രധാനം

അതിവേഗം മാറുന്ന സമൂഹത്തിൽ അല്മായർക്കു സഭയിൽ സുപ്രധാന പങ്കു വഹിക്കാനുണ്ടെന്ന് വിശുദ്ധരായ പത്രോസിന്റെയും പൗലോസിന്റെയും ബസിലിക്കയിൽ അർപ്പിച്ച ദിവ്യബലി മധ്യേ നടത്തിയ പ്രസംഗത്തിൽ മാർപാപ്പ ഓർമിപ്പിച്ചു. വിശ്വാസം നിലനിർത്തുന്നതിനു വൈദികരോടൊപ്പം അല്മായരും പ്രവർത്തിക്കണം. ഓരോരുത്തരും അവരവരുടേതായ പങ്കു വഹിക്കണം.**(ദീപിക 27/9/2015)**

## പ്രകൃതിയോട് നീതി കാട്ടണം

പ്രകൃതിയെ നശിപ്പിക്കാൻ ഒരു മനുഷ്യനും അധികാരമില്ലെന്നു ഫ്രാൻസിസ് മാർപാപ്പ. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭയെ അഭിസംബോധന ചെയ്താണു ശക്തമായ വാക്കുകളിൽ മാർപാപ്പ പ്രകൃതി നശീകരണത്തിനെതിരെ സന്ദേശം നൽകിയത്. സ്വാർഥത നിറഞ്ഞ അന്തമില്ലാത്ത ഭൗതികനേട്ടത്തിനായി മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്. ഇത് പ്രകൃതിയോടു കാണിക്കുന്ന ക്രൂരത തന്നെയാണ് എന്ന് അദ്ദേഹം പറഞ്ഞു. സിറിയയിലെ യുദ്ധത്തെത്തുടർന്നു നാടുവിട്ടോടുന്ന മധ്യപൂർവേശത്തെ ജനങ്ങൾ അനുഭവിക്കുന്ന യാതനകൾ കാണാതിരിക്കരുതെന്നു അദ്ദഹം രാഷ്ട്രത്തലവൻമാരോടു പറഞ്ഞു. സിറിയയിലും ഇറാഖിലും നടക്കുന്ന യുദ്ധങ്ങൾക്ക് അറുതിവരുത്താൻ രക്ഷാസമിതി അംഗങ്ങളായ വൻശക്തികൾ ഇടപെടുന്നില്ലെന്ന് അദ്ദഹം പറഞ്ഞു. രക്ഷാസമിതി അംഗത്വം സംബന്ധിച്ച ഇന്ത്യയുടെയും ബ്രസീലിന്റെയും ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ തുല്യത സമിതിയിൽ ഉണ്ടാവണമെന്നും മാർപാപ്പ പറഞ്ഞു.**(മനോരമ 27/9/2015)**

## ഞാൻ തടവിലായിരുന്നു; നിങ്ങൾ എന്നെ കാണാൻ വന്നു

യു.എസ് സന്ദർശനത്തിനിടെ ഫ്രാൻസിസ് മാർപാപ്പ ഫിലദൽഫിയയിലെ ജയിൽ സന്ദർശിച്ചു തടവുകാരോടു സംവദിച്ചു എല്ലാവരും ശുദ്ധരാകേണ്ടതുണ്ടെന്നു പറഞ്ഞ മാർപാപ്പ തടവറയിലെ ജീവിതത്തെ സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലായി കാണരുതെന്നു തടവുകാരെ ഉപദേശിച്ചു. ജയിലിലെ 80 പുരുഷന്മാരെയും 11 സ്ത്രീകളെയുമാണ് അദ്ദേഹം കണ്ടത്. ഞാൻ തടവിലായിരുന്നു . നിങ്ങൾ എന്നെ കാണാൻ വന്നു എന്ന ക്രിസ്തു വചനത്തെ ഓർമിപ്പിക്കുന്നതായിരുന്നു മാർപാപ്പയുടെ തടവറ സന്ദർശനം. **(മനോരമ 28/9/2015)**

## കുടുംബങ്ങളെ സംരക്ഷിക്കണം

കുടുംബങ്ങളുടെ നിലനില്പ് ഉറപ്പുവരുത്തണമെന്നും കുടുംബങ്ങളുടെ കൈയിലാണു ഭാവിയെന്നും ഫ്രാൻസിസ് മാർപാപ്പ. യു.എസ് സന്ദർശനത്തിന്റെ അവസാന പാദത്തിൽ ഫിലഡൽഫിയയിൽ എത്തിയ മാർപാപ്പ ശനിയാഴ്ച കുടുംബങ്ങളുടെ ലോക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു.

കുടുംബത്തിൽ നാം പലപ്പോഴും വാദ പ്രതിവാദങ്ങൾ നടത്താറുണ്ട്. ചിലപ്പോൾ പാത്രങ്ങൾ പറക്കും. കുട്ടികൾ ഉണ്ടാക്കുന്ന തലവേദനകൾ ഇതിനുപുറമേ-എഴുതിത്തയ്യാറാക്കിയ പ്രസംഗത്തിൽനിന്നു വ്യതിചലിച്ചു മാർപാപ്പ പറഞ്ഞു. എല്ലായ്പ്പോഴും കുരിശ് ഉണ്ടാവും. എന്നാൽ കുരിശിനു ശേഷം ഉയിർപ്പുണ്ടെന്ന കാര്യം വിസ്മരിക്കരുത്. സ്നേഹത്തിലൂടെ എല്ലാ പ്രതിസന്ധിയും നേരിടണം.

വഴക്കുണ്ടാക്കിയാൽ അതു പറഞ്ഞു തീർക്കാതെ ദിവസം അവസാനിപ്പിക്കരുതെന്നു മാർപാപ്പ ദമ്പതികളെ ഓർമിപ്പിച്ചു. കുട്ടികൾക്കും പ്രായമായവർക്കും കുടുംബത്തിൽ പ്രത്യേക പരിഗണന നൽകണം. കുട്ടികളുടെയും മുത്തച്ഛന്മാരുടെയും കാര്യത്തിൽ കരുതലില്ലാത്ത ജനങ്ങൾ ഭാവിയില്ലാത്തവരാണ്. മുന്നോട്ടു പോകാനുള്ള കരുത്തോടെ സംരക്ഷിക്കുന്നതിൽ നമുക്ക് ബദ്ധശ്രദ്ധരാവാമെന്നു മാർപാപ്പ പറഞ്ഞു.**(ദീപിക 28/9/2015)**

## മുറിവേറ്റ കുടുംബങ്ങളെ ശുശ്രൂഷിക്കാൻ കടമ

മുറിവേറ്റ കുടുംബങ്ങളെ കണ്ടെത്തി ശുശ്രൂഷിക്കാൻ കത്തോലിക്കാ സഭയ്ക്കു കടമയുണ്ടെന്നു ഫ്രാൻസിസ് മാർപാപ്പ. സഭയിലും സമകാലിക സമൂഹത്തിലും കുടുംബത്തിന്റെ വിളിയും ദൗത്യവും എന്ന വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യാൻ വിളിച്ചുചേർത്തിട്ടുള്ള മെത്രാൻ സിനഡിന്റെ പതിന്നാലാമത് സാധാരണ പൊതുസമ്മേളനം വിശുദ്ധ കുർബാന അർപ്പിച്ച് ഉദ്ഘാടനം ചെയ്യവേ സുവിശേഷ സന്ദേശം നല്കുകയായിരുന്നു മാർപാപ്പ.

വിവാഹത്തിന്റെ ഐക്യവും അവിഭാജ്യതയും സംരക്ഷിക്കാനും സത്യത്തോടും സ്നേഹത്തോടും തന്നെ വിളിച്ച ഈശോയോടു വിശ്വസ്തരായിരിക്കാനും സഭ വിളിക്കപ്പെട്ടിരിക്കുന്നുവെന്നു മാർപാപ്പ ചൂണ്ടിക്കാട്ടി. സത്യമില്ലാത്ത സ്നേഹം വഴിതെറ്റിയ സ്നേഹമാണ്. സഭ വിളിക്കപ്പെട്ടിരിക്കുന്നതു തെറ്റുപറ്റുന്നവരുടെ നേരേ വിരൽചൂണ്ടാനും വിധിക്കാനുമല്ല. അവരെ അന്വേഷിച്ചിറങ്ങുന്ന, ശുശ്രൂഷിക്കുന്ന, അനുഗമിക്കുന്ന രക്ഷയുടെയും ജീവന്റെയും ഉറവിടമായ ദൈവത്തിലേക്കു നയിക്കുന്ന സഭയെയാണ് ഈ കാലഘട്ടത്തിന് ആവശ്യം. വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ സ്വപ്നത്തോടു സഹകരിക്കാത്ത മനുഷ്യഹൃദയം തളർന്നുപോകുന്നു. ദൈവത്തിനും ലോകത്തിനും ഇടയിലുള്ള ഒരു പാലമായി ഇരിക്കാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നതെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. വിശ്വാസികളെക്കൊണ്ടുനിറഞ്ഞുകവിഞ്ഞ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പത്തിനു തുടങ്ങി പതിനൊന്നരയ്ക്കു സമാപിച്ച വിശുദ്ധ കുർബാനയിൽ 270 സിനഡ് പിതാക്കന്മാരും സിനഡിൽ സഹായിക്കുന്ന വൈദികരും മാത്രമാണു സഹകാർമികരായിരുന്നത്. **(ദീപിക 15/10/2015)**

## സമാധാനത്തിനുവേണ്ടി ഉറച്ച നിലപാടുകൾ സ്വീകരിക്കണം

വത്തിക്കാൻ സിറ്റി: സമാധാനത്തിനുവേണ്ടി ഉറച്ച നിലപാടെടുക്കുമ്പോൾ മാത്രമേ പുരോഗതിയും പ്രത്യാശയും യാഥാർഥ്യമാകൂ എന്ന് ഫ്രാൻസീസ് മാർപാപ്പ. മധ്യപൂർവദേശങ്ങളിൽ സമാധാനവും അനുരഞ്ജനവും യാഥാർഥ്യമാകുന്നതിനുവേണ്ടി സിനഡ് പിതാക്കന്മാരെ പ്രാർഥിക്കാൻ ക്ഷണിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിറിയയിലും ഇറാക്കിലും ജറൂസലമിലും ജോർദാനിലും സംഭവിക്കുന്ന കാര്യങ്ങൾ എല്ലാവരെയും വേദനിപ്പിക്കുകയും ഉത്കണ്ഠാകുലരാക്കുന്നതുമാണ്. ഈ പ്രദേശങ്ങളിൽ ആക്രമണം വർധിക്കുന്നു. അതിന്റെ ദുരിതങ്ങൾ നിഷ്കളങ്കരായ പൗരന്മാർ അനുഭവിക്കുന്നു. ജനജീവിതം ദുസ്സഹമാക്കുന്നു. യുദ്ധം നാശം വിതയ്ക്കുന്നു, ജനതകളുടെ സഹനം വർധിക്കുന്നു. സംഘട്ടനങ്ങൾ നടക്കുന്ന ആഫ്രിക്കയ്ക്കുവേണ്ടിയും പ്രാർഥിക്കണം. എല്ലാവർക്കും വേണ്ടി അമ്മയും സമാധാനത്തിന്റെ രാജ്ഞിയുമായ മറിയം മാധ്യസ്ഥത വഹിക്കട്ടെയെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. **(ദീപിക 10/10/2015)**

## സിനഡ് പാർലമെന്റല്ല

വത്തിക്കാൻ സിറ്റി: സിനഡ് ഒരു പാർലമെന്റല്ലെന്നും ദൈവത്തിന്റെ ഹൃദയംക്കൊണ്ടും വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ടും ലോകത്തിന്റെ യാഥാർഥ്യം തിരിച്ചറിയാനായിട്ടുള്ള സഭാത്മക കൂട്ടായ്മയാണെന്നും ഫ്രാൻസിസ് മാർപാപ്പ. മെത്രാൻ സിനഡിന്റെ പതിനാലാമത് സാധാരണ പൊതുസമ്മേളനത്തിന്റെ ഒന്നാം ദിവസം സിനഡ് പിതാക്കന്മാരെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു മാർപാപ്പ. സിനഡ് ഒരു സംരക്ഷിത മേഖലയാണ്, അവിടെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് അനുഭവിക്കുന്നത്. ദൈവത്താൽ നയിക്കപ്പെടുവാനായി തങ്ങളെത്തന്നെ വിട്ടുകൊടുക്കുന്ന എല്ലാ വ്യക്തികളുടെയും നാവുകളിലൂടെ പരിശുദ്ധാത്മാവാണ് സിനഡിൽ സംസാരിക്കുന്നത്. നമ്മുടെ കണക്കുകൂട്ടലുകളെക്കാളും വലിയവനാണു ദൈവം. സിനഡ് പിതാക്കന്മാർ ശ്ലൈഹികധൈര്യത്തോടും സുവിശേഷാത്മകമായ എളിമയോടും ആശ്രയബോധത്തോടുള്ള പ്രാർഥനയോടും കൂടി സംസാരിക്കുമ്പോഴാണു സിനഡ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായി മാറുന്നതെന്നു മാർപാപ്പ കൂട്ടിച്ചേർത്തു. **(ദീപിക 6/10/2015)**

## വിശ്വാസവും സമ്പദ്ഭ്രമവും ഒന്നിച്ചു പോകില്ല

ക്രിസ്തീയ വിശ്വാസത്തിനും സമ്പത്തിനോടുള്ള ഭ്രമത്തിനും ഒന്നിച്ചു ജീവിക്കാൻ സാധിക്കുകയില്ലന്നു ഫ്രാൻസിസ് മാർപാപ്പ. കുടുംബത്തെക്കുറിച്ചുള്ള സിനഡിന്റെ ഇടവേളയായിരുന്ന ത്രികാല പ്രാർത്ഥനയ്ക്കു മുൻപ് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നിത്യജീവൻ എന്നാൽ ആനന്ദം എന്നാണ് അർഥമാക്കുന്നത്. അതു മരണാനന്തരമുള്ള ജീവിതം മാത്രമല്ല, മറിച്ച് പൂർണവും പൂർത്തീകരിക്കപ്പെട്ടതും പരിമിതിയില്ലാത്തതും സത്യവും പ്രകാശപൂർണവുമായ ജീവിതമാണെന്നു മാർപാപ്പ പറഞ്ഞു. 13 ഗ്രൂപ്പുകളുടെ സമ്മേളനങ്ങളാണു സിനഡിൽ നടക്കുക. **(മനോരമ 11/11/2015)**

## സഭയുടെ ദൗത്യത്തിൽ കുടുംബം പ്രധാന പങ്കാളി

സഭയുടെയും പത്രോസിന്റെയും ദൗത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കാളികളിൽ ഒന്നു കുടുംബമാണെന്നു ഫ്രാൻസിസ് മാർപാപ്പ. മനുഷ്യരെ പിടിക്കുന്ന വലയാണ് കുടുംബം. ഈ വല മനുഷ്യരെ തടവിലാക്കുന്നില്ല മറിച്ച് സ്വതന്ത്രരാക്കുന്നു. ഈശോയും പത്രോസും മനുഷ്യരുടെ ഇടയിൽ പ്രവർത്തിക്കാൻ ആരംഭിച്ചത് കുടുംബത്തിൽ നിന്നാണ്. കർത്താവിന്റെ വഴിയേ നടക്കുന്ന കുടുംബം ദൈവത്തിന്റെ സ്നേഹത്തിന്റെ അടിസ്ഥാന സാക്ഷ്യമാണ്. അതുകൊണ്ടുതന്നെ സഭയ്ക്കു സാധ്യമായ എല്ലാ കഴിവുകളുമുപയോഗിച്ചു കുടുംബത്തിനായി സ്വയം സമർപ്പിക്കണം. കുടുംബത്തെക്കുറിച്ചുള്ള സഭയുടെ ഈ ശ്രദ്ധ കാലഘട്ടത്തിലെ മനുഷ്യർക്കായി വ്യാഖ്യാനിക്കാനാണ് സിനഡ് വിളിച്ചു ചേർത്തിരിക്കുന്നതെന്നു പാപ്പ കൂട്ടിച്ചേർത്തു.

സെന്റ് പീറ്റേഴ്സ് ചത്വരം നിറഞ്ഞുകവിഞ്ഞ തീർഥാടകരോട് സംസാരിക്കുകയായിരുന്നു മാർപാപ്പ. **(ദീപിക 8/10/2015)**

## അധികാരം ശുശ്രൂഷയ്ക്ക്

വത്തിക്കാൻ സിറ്റി: മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരാണു സഭയിൽ യഥാർഥ അധികാരം കൈകാര്യം ചെയ്യുന്നതെന്നു ഫ്രാൻസിസ് മാർപാപ്പ. പൂർണവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം നിലനിൽക്കുന്ന കുടുംബങ്ങളിൽനിന്നാണ് സമർപ്പണജീവിതത്തിലേക്കുള്ള ദൈവവിളികൾ ഉണ്ടാകുന്നത്. വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരം നിറഞ്ഞു കവിഞ്ഞ വിശ്വാസികളുടെ സാന്നിധ്യത്തിൽ നാലു പേരെ വിശുദ്ധരായി പ്രഖ്യാപിച്ചശേഷം വിശുദ്ധ കുർബാന മധ്യേ സുവിശേഷ സന്ദേശം നല്കുകയായിരുന്നു മാർപാപ്പ. **(ദീപിക 19/102015)**

## മാനുഷിക ദുരിതങ്ങളിൽ ദൈവികസ്പർശം തിരിച്ചറിയുക

ദൈവത്തിന്റെ കരുണയാണു മനുഷ്യകുലത്തെ രക്ഷിക്കുന്നത്. ഈ കാലഘട്ടം ദൈവകരുണയുടേതാണ്. വിമോചനം നൽകുന്ന വചനങ്ങൾ ആവർത്തിക്കുകയും ദൈവത്തിന്റെ ഹൃദയത്തെ അനുകരിക്കുകയും ചെയ്യുകയാണു സമകാലീന അജപാലകരുടെ ദൗത്യം. ദൈവിക രക്ഷയുടെ ഫലമാണു സന്തോഷം. വിശ്വാസികളും അജപാലകരും അനുദിനം ഈ സന്തോഷം അനുഭവിക്കുന്നു. ദൈവത്തിന്റെ ആർദ്രത തെറ്റിലും അജ്ഞതയിലും ജീവിക്കുന്നവർക്കു ലഭിക്കും. പുതിയതും നിത്യവുമായ ദൈവിക ഉടമ്പടിയുടെ ഫലമാണു രക്ഷ. വ്യക്തിയുമായി ജീവദായകമായ സംഭാഷണത്തിൽ ഏർപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു. നമുക്ക് നമ്മിലുള്ള വിശ്വാസത്തെക്കാൾ കൂടുതലായി അവൻ നമ്മിൽ വിശ്വസിക്കുന്നു. ദൈവത്തിന്റെ ചാരത്തു നിൽക്കുമ്പോഴും അവനിൽനിന്ന് അകന്നു ജീവിക്കുന്നവർ ധാരാളമുണ്ട്. ദുരിതമനുഭവിക്കുന്നവരുടെയും പ്രതിസന്ധിയിലായിരിക്കുന്നവരുടെയും നിലവിളിക്കു മുന്നിൽ നിൽക്കുന്നവനാണ് അവൻ. ആവശ്യക്കാരായ എല്ലാവരെയും രക്ഷയിൽ ഉൾപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ, ശിഷ്യന്മാർ അങ്ങനെ ചെയ്യാൻ തയാറാകുന്നില്ല. അവർ നിലവിളിക്കുന്നവരെ ശകാരിക്കുന്നു. ജനങ്ങളുടെ ജീവിതത്തിൽ വേരുറപ്പിക്കാൻ അറിയാത്ത വിശ്വാസമാണ് ഇത്തരക്കാരുടേത്. നിത്യജീവിതത്തിന്റെ കാഴ്ചയില്ലാത്ത എല്ലാവരും കാഴ്ച വീണ്ടെടുക്കുകയും സുവിശേഷം കാണിക്കുന്ന വഴിയിലൂടെ ഒന്നിച്ചുനടക്കുകയും വേണം. അതിനു സൗഖ്യമാക്കപ്പെട്ടതും രക്ഷിക്കപ്പെട്ടതുമായ ഒരു കാഴ്ച ആവശ്യമാണ്. ഇങ്ങനെയുള്ളവരിലാണ് ദൈവമഹത്വം പ്രതിഫലിക്കുന്നതെന്നും അവരാണ് ജീവനുള്ള മനുഷ്യരായി മാറുന്നതെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. **(ദീപിക 26/10/2015)**

# സമൂഹത്തിൽ ഭീതി പടർത്തുന്നു

**ഫാ. വർഗീസ് വള്ളിക്കാട്ട്**, ഡയറക്ടർ, പിഒസി.

രാജ്യത്തെ ന്യൂനപക്ഷ സമൂഹങ്ങളെ പരമാവധി പ്രകോപിപ്പിച്ച് ഭീതിയിലേക്കും അക്രമത്തിലേക്കും തള്ളിവിടാനുള്ള ചില തീവ്രവാദസംഘടനകളുടെ നീക്കത്തിനെതിരെ സമൂഹത്തെ ഉണർത്താൻ താങ്കളും പത്രവും പുലർത്തുന്ന പ്രതിജ്ഞാബദ്ധതയെ പ്രത്യേകം അനുമോദിക്കുന്നു. ഇരയെ പ്രകോപിപ്പിച്ച് അക്രമത്തിലേക്കു തള്ളിവിടാനും ഭരണകൂടത്തിന്റെ പിന്തുണയും ശക്തിയുമുപയോഗിച്ച് അവർക്കുമേൽ ആഞ്ഞടിക്കാനുമുള്ള ആസൂത്രിത നീക്കം നടക്കുന്നുണ്ടോ എന്ന് സംശയമുണർത്തുന്ന സംഭവങ്ങളാണ് ദിനംപ്രതിയെന്നോണം നടന്നുകൊണ്ടിരിക്കുന്നത്.

സമുദായസ്പർധയും ശത്രുതയും വളർത്തുംവിധമുള്ള പ്രസ്താവനകളാണ് അധികാരസ്ഥാനങ്ങളിലിരിക്കുന്ന ചില നേതാക്കൾപോലും നടത്തുന്നത്. ഒറ്റപ്പെട്ടതും ആസൂത്രിതമല്ലാത്തതും എന്നു തോന്നാവുന്ന വിധത്തിലുള്ള അക്രമപരമ്പരകൾ ദിനംപ്രതി വർധിച്ചുവരുന്നു. ന്യൂനപക്ഷങ്ങളെ മാത്രമല്ല ഭൂരിപക്ഷസമുദായത്തിലുള്ള സ്വതന്ത്രചിന്തകരെയും മതേതര ജനാധിപത്യവാദികളെയും തിരഞ്ഞുപിടിച്ച് ആക്രമിക്കാനും ഉന്മൂലനം ചെയ്യാനുമുള്ള ശ്രമങ്ങളും വർധിച്ചുവരുന്നു.

ആര് എന്തു ചിന്തിക്കണം, എഴുതണം, പറയണം, ഭക്ഷിക്കണമെന്നും എന്തൊക്കെ പാടില്ല എന്നും തീരുമാനിക്കപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ അരങ്ങേറിയിട്ടുള്ള സാംസ്കാരിക ഭീകരതയുടെ ഫാസിസ്റ്റുമുഖമാണ് മറനീക്കി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന പുരോഗമന ഭരണത്തിന്റെ മൂടുപടത്തിനു പിന്നിൽ രാജ്യത്തിന്റെ ഭാവിയെ ഗുരുതരമായി ബാധിച്ചേക്കാവുന്ന വ്യത്യസ്തമായ ഒരു അജണ്ടയുള്ളതായി തോന്നിക്കുന്ന വിധത്തിൽ നേതൃത്വത്തിലുള്ളവർ പെരുമാറുന്നു. ഉത്തരവാദിത്വപ്പെട്ടവരുടെ അർത്ഥഗർഭമായ മൗനം ജനങ്ങളിൽ വല്ലാത്ത ഭീതി പടർത്തുന്നു.

സാഹിത്യ-സാംസ്കാരിക പ്രവർത്തകരുടെ പ്രതിഷേധങ്ങൾ നിസ്സാരവത്കരിക്കുകയും അവഗണിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ മനസ്സിൽ ഭീതിയുടെ കരിനിഴൽ മൂടൽമഞ്ഞുപോലെ പടരുന്നത് കണ്ടില്ല എന്നു നടിക്കുന്നത് ഒന്നിനും പരിഹാരമാവുകയില്ല. മതാധിഷ്ഠിത രാഷ്ട്രീയത്തിന്റെ നിർബന്ധങ്ങൾ ആരെയൊക്കെ നിശ്ശബ്ദരാക്കുമെന്നോ ആരുടെയൊക്കെ ജീവനെടുക്കുമെന്നോ വ്യക്തമല്ലെങ്കിലും ആരും സുരക്ഷിതരല്ല എന്ന ബോധം സൃഷ്ടിക്കാൻ ഭരണകൂടത്തിന്റെ പരോക്ഷ പിന്തുണയോടെ പ്രവർത്തിക്കുന്ന ചില സംഘടനകൾക്ക് ഇതിനകം തന്നെ സാധിച്ചിരിക്കുന്നു. ഏതുനേരവും തൊട്ടടുത്തുനിന്ന് ഒരു നിലവിളി ഉയരാമെന്ന ഒരവസ്ഥ അന്തരീക്ഷത്തിൽ നിറയുന്നു. പ്രതിഷേധവും ചെറുത്തുനില്പും കുറ്റകരമായി കരുതപ്പെട്ടേക്കാം. അധികാരസ്ഥാനങ്ങളിലുള്ളവരോട് ഒരപേക്ഷയേയുള്ളൂ അരുതേ! ഈ നാടിനെ ഭീകരതയുടെ വിളനിലമാക്കാൻ വിട്ടുകൊടുക്കരുതേ! അധികാരത്തിനുവേണ്ടി ആരെയും കുരുതികൊടുക്കാൻ അനുവദിക്കരുതേ... ഈ കൊച്ചുകേരളത്തിൽപോലും ആയുധങ്ങൾ കുന്നുകൂടുന്നത് കണ്ടില്ലെന്നു നടിക്കരുതേ... **(ദീപിക 25/10/2015)**

# സഭ, രാഷ്ട്രീയം, വർത്തമാനം

**കെ.സി.ബി.സി ഐക്യജാഗ്രതാകമ്മീഷന്റെ നേതൃസംഗമത്തിൽ ശ്രീ.സിജോ പൈനാടത്ത് നടത്തിയ വിഷയാവതരണത്തിന്റെ സംക്ഷിപ്തം.**

സഭയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയും സഭയ്ക്കുള്ളിലും രാഷ്ട്രീയത്തിലും പൊതുസമൂഹത്തിലും എക്കാലവും വലിയ ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. രാഷ്ട്രീയം സഭയ്ക്ക് ഇടപെടാൻ പറ്റുന്ന മേഖലയല്ലെന്നും അതു തൊട്ടാൽ പൊള്ളുന്ന വിഷയമാണെന്നുമൊക്കെ പറഞ്ഞുവച്ചാണ് അത്തരം ചർച്ചകളിലധികവും പൂർത്തിയാക്കപ്പെട്ടത്. അല്ലെങ്കിൽ, സഭ രാഷ്ടീയത്തിന്റെയും സാമൂഹ്യവിഷയങ്ങളുടെയും വഴിയിൽ നിന്നു മാറിനടക്കണം എന്ന് ഉച്ചത്തിൽ വാദിക്കുന്നവരുടെ ശബ്ദത്തിനു കൈയടി കിട്ടുകയും മറിച്ച് വാദിക്കുന്നവർക്കു ചിലപ്പോൾ, അസ്ഥാനത്തു മതമൗലികവാദികളെന്ന പട്ടം ചാർത്തിക്കൊടുക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയും വർത്തമാനകേരളം കണ്ടിട്ടുണ്ട്.

സഭ ആധുനികലോകത്തിൽ എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയുടെ 75-ാം ഖണ്ഡികയിൽ പറയുന്നത് വർത്തമാന മത, രാഷ്ട്രീയപശ്ചാത്തലങ്ങളുമായി ചേർത്തുവായിക്കുന്നത് ഉചിതമാകുമെന്നു കരുതുന്നു. രാഷ്ട്രത്തിന്റെ ഭരണഘടനാ നിർമാണത്തിലും രാജ്യഭരണ നിയന്ത്രണത്തിലും വിവിധ ഭരണവകുപ്പുകളുടെ ലക്ഷ്യവും പ്രവർത്തന മണ്ഡലങ്ങളും നിശ്ചയിക്കുന്നതിലും രാഷ്ട്രീയനേതാക്കന്മാരെ തെരഞ്ഞെടുക്കുന്നതിലും സ്വതന്ത്രവും സജീവവുമായ പങ്കുവഹിക്കാൻ നമുക്കു സാധിക്കണം. പൊതുജനക്ഷേമത്തെ ത്വരിതപ്പെടുത്തുന്നവിധം സമ്മതിദാനാവകാശം വിനിയോഗിക്കാൻ തങ്ങൾക്കുള്ള അവകാശത്തെയും ഉത്തരവാദിത്വത്തെയുംപറ്റി എല്ലാ പൗരന്മാരും ബോധവാന്മാരാകട്ടെ. മനുഷ്യരുടെ ക്ഷേമത്തെപ്രതി രാജ്യസേവനത്തിനായി സ്വയം അർപ്പണം ചെയ്യുകയും ഭരണരംഗത്തു വ്യാപരിക്കുകയും ചെയ്യുന്നവരുടെ പ്രവർത്തനങ്ങളെ തിരുസഭ ശ്ലാഘിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സഭയും സഭാമക്കളും സാമൂഹ്യ, രാഷ്ട്രീയ മേഖലകളോട് അകന്നു നടക്കേണ്ടവരല്ലെന്നും, തികഞ്ഞ ബോധ്യത്തോടെ അത്തരം മേഖലകളുടെ സ്പന്ദനങ്ങളെ തിരിച്ചറിഞ്ഞ് ഇടപെടാൻ നാം സന്നദ്ധരാകണമെന്നുമാണ് സഭയുടെ പഠനം.

സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൃത്യമായ പങ്കുവഹിക്കാൻ നമുക്കു സാധിക്കണമെങ്കിൽ നമ്മുടെ നിലപാടുകളിലും മൂല്യങ്ങളിലും അടിയുറച്ച കാഴ്ചപ്പാടുള്ളവർ ആ രംഗങ്ങളിൽ ഉണ്ടാകണം. ഇന്നത്തെ കേരള രാഷ്ട്രീയ, ഭരണ രംഗങ്ങളിൽ എത്രമാത്രം സ്വാധീനം സഭയ്ക്കോ സഭാമക്കൾക്കോ ഉണ്ട് എന്നതു ഗൗരവമായി പരിശോധിക്കപ്പെടണം. സംസ്ഥാനം ഭരിക്കുന്നത് ന്യൂനപക്ഷങ്ങളാണെന്ന് ഒരു ഭൂരിപക്ഷ സമുദായത്തിന്റെ സംഘടനാ നേതാവ് തുടർച്ചയായി വിളിച്ചുപറയുന്നത് കേരളം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഇതിൽ അല്പം ശരിയുണ്ടെന്നു പലരും സമ്മതിക്കുമ്പോൾ, ഭരണത്തിന്റെ നേട്ടമുണ്ടാക്കുന്ന ന്യൂനപക്ഷങ്ങളുടെ പട്ടികയിൽ കേരളത്തിലെ കത്തോലിക്കാസഭയ്ക്കോ, അതിന്റെ രൂപതകൾക്കോ എവിടെയാണ് ഇടമെന്നുകൂടി ചിന്തിക്കണം. ന്യൂനപക്ഷത്തിലെ ഒരു സമുദായം തങ്ങളുടെ വലിയ സ്വാധീനം തന്ത്രപരമായി പ്രയോജനപ്പെടുത്തി സമസ്തമേഖലകളിലും നേട്ടങ്ങൾ സ്വന്തമാക്കുന്നുവെന്ന് കണക്കുകൾ നിരത്തി ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താനാവില്ല.

കേരളത്തെ അറിവിന്റെ ലോകത്തു കൈപിടിച്ചു നടത്തിയ സഭയോട്, സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് സർക്കാരുകൾ ഇന്നു പുലർത്തുന്ന അവഗണനയ്ക്ക് തെളിവുകൾ ചൂണ്ടിക്കാട്ടാൻ നിരവധിയാണ്. നാടിനു നന്മ മാത്രം നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്താൻ, അതിലെ അധ്യാപകരെയും വിദ്യാർഥികളെയും സംരക്ഷിക്കാൻ സഭ നെട്ടോട്ടമോടുന്ന സ്ഥിതിയുണ്ട്. ഭരണകർത്താക്കളുടെ പിന്നാലെ നടക്കേണ്ട അവസ്ഥയുണ്ട്. സെക്രട്ടേറിയേറ്റ് ഉൾപ്പടെ ഭരണസിരാകേന്ദ്രങ്ങളിലെല്ലാം സഭയുടെ ശബ്ദങ്ങൾ വനരോദനങ്ങളാകുന്നുവെങ്കിൽ അതിന്റെ കാരണമെന്താണ്? വിദ്യാഭ്യാസമേഖലയിൽ സേവനം മാത്രം സഭയുടെ മാർഗവും ലക്ഷ്യവുമാകുമ്പോൾ, അതിന്റെ ഗതി നിർണയിക്കുന്ന താക്കോൽസ്ഥാനങ്ങളിൽ സഭയുടെ പിന്നിലായിരുന്നവർ കയറിയിരിക്കുന്ന അവസ്ഥ അവലോകനം ചെയ്യപ്പെടണ്ടതല്ലേ? ആതുരശുശ്രൂഷ ഉൾപ്പടെ മറ്റു രംഗങ്ങളിലും സഭയ്ക്ക് അവഗണനയുടെ കയ്പുനീർ ഏറെ കുടിക്കേണ്ടിവരുന്നതിന്റെ രാഷ്ട്രീയവും മറ്റൊന്നല്ല. ഭരണ, രാഷ്ട്രിയ മേഖലകളിൽ സഭയുടെ ശബ്ദം കേൾപ്പിക്കാൻ ആരുമില്ലാതാവുന്ന സ്ഥിതി! രാജ്യത്തെ ജനാധിപത്യ പ്രക്രിയയിൽ, ഭരണസംവിധാനങ്ങളിൽ രാഷ്ട്രിയപ്പാർട്ടികൾക്ക് നിർണായക സ്ഥാനമുണ്ടെന്ന് അംഗീകരിച്ചേ മതിയാകൂ. അങ്ങനെവരുമ്പോൾ, ആ മേഖലയിൽ സ്വാധീനം അനിവാര്യമാണെന്നു നാം തിരിച്ചറിയണം.

രാഷ്ട്രീയത്തിൽ ഇപ്പോഴത്തെ പോക്ക് ഇങ്ങനെയൊക്കെ പോയാൽ മതിയോ എന്നതാണു ചോദ്യം. രാഷ്ട്രീയത്തോട് നാം ഇത്ര അകലം പാലിക്കേണ്ടതുണ്ടോ? തികഞ്ഞ സൂക്ഷ്മതയോടെ സാമൂഹ്യബോധത്തോടെ, ക്രിസ്തീയ ദർശനങ്ങളിൽ അടിയുറച്ച് രാഷ്ട്രീയത്തിലും ഭരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്താൻ ഇനി വൈകേണ്ടതുണ്ടോ? രാഷ്ട്രീയരംഗങ്ങളിൽ തിളങ്ങുന്ന, തിളങ്ങാനാവുന്ന അല്മായരെ പ്രോത്സാഹിപ്പിക്കാൻ സഭാനേതൃത്വം തയാറാവണം.

# അനാഥബാല്യത്തോടുള്ള കൊടുംക്രൂരത

**ഫാ. പോൾ മാടശ്ശേരി,** സെക്രട്ടറി കെസിബിസി ഫാമിലി കമ്മീഷൻ



**കേ**ന്ദ്ര ദത്തെടുക്കൽ അതോറിറ്റി (CARA) സംഘടിപ്പിച്ച നാഷണൽ മീറ്റിൽ പ്രസംഗിക്കവേ കേന്ദ്രമന്ത്രി മേനകാ ഗാന്ധി പറഞ്ഞതനുസരിച്ച്, ഇന്ത്യയിൽ പ്രതിവർഷം 50000 അനാഥശിശുക്കൾ ജനിക്കുന്നുണ്ട്. അതിൽ 800നും 1000നും ഇടയിൽ മാത്രമാണ് ദത്തെടുക്കപ്പെടുന്നത്. ദത്തെടുക്കൽ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഭേദഗതി നിയമത്തിൽ സമൂഹത്തിന് അപകടകരമായ ഏറെ കാര്യങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്. ഇത് നമ്മുടെ ഭരണകർത്താക്കൾ അറിയാഞ്ഞിട്ടോ? അതോ, അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് നടിക്കുന്നതോ? ഇതിനു പുറകിലുള്ള അപകടം തിരിച്ചറിഞ്ഞതുകൊണ്ടാണ് ശിശുക്ഷേമശുശ്രൂഷാരംഗത്ത് നിസ്വാർത്ഥസേവനം ചെയ്യുന്ന മദർതെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റി, തങ്ങളുടെ 13 ബാലഭവനുകൾ കഴിഞ്ഞദിവസങ്ങളിൽ അടച്ചുപൂട്ടാൻ നിർബന്ധിതരായത്.

വിവാഹബന്ധം വേർപെടുത്തിയവർക്കും, ഒറ്റയ്ക്കു ജീവിക്കുന്നവർക്കും കുട്ടികളെ ദത്തെടുക്കാൻ (Single parent adoption policy)അനുവാദം നൽകുന്നതാണ് ദത്തെടുക്കൽ അതോറിറ്റിയുടെ (Central Adoption Resource Authority) പുതിയ മാർഗ്ഗനിർദ്ദേശങ്ങളിലൊന്ന്. കൂടാതെ, ദത്തെടുക്കൽ നടപടികൾ കൂടുതൽ വേഗത്തിലാക്കാൻ ഓൺലൈനിലൂടെ സൗകര്യമൊരുക്കുന്നതുൾപ്പെടെയുള്ള ചില മാറ്റങ്ങളും വരുത്തിയിരിക്കുന്നു.

കുട്ടികൾക്ക് വേണ്ടത്ര സുരക്ഷിതത്വം നൽകാൻ സാധിക്കാത്തവർക്കും ദത്തെടുക്കാൻ സൗകര്യം ലഭിക്കത്തക്കവണ്ണമാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ. കൂടാതെ കുട്ടികളെ വില്പനചരക്കാക്കാൻ ശ്രമിക്കുന്നവർക്ക് എളുപ്പമാർഗ്ഗമാകും ഈ നിയമങ്ങൾ. മുമ്പ്, ദത്തെടുക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾക്ക് ഏതെങ്കിലും ഒരു കുട്ടിയെ നൽകുകയായിരുന്നു പതിവ്. അവർക്ക് ആ കുട്ടിയെ ഇഷ്ടപ്പെട്ടില്ലെങ്കിൽ മറ്റൊരു കുട്ടിയെ കിട്ടുന്നതുവരെ കാത്തിരിക്കേണ്ടിവരും. എന്നാൽ പുതിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് നാലു മുതൽ ആറുവരെ കുട്ടികളെ കൊടുത്തിട്ട് അവരിൽ നിന്നും ഒരാളെ ദത്തെടുക്കാൻ അനുവദിക്കും. കുട്ടികളെ ദാനമായി സ്വീകരിക്കാനല്ല, നല്ലതുനോക്കി തെരഞ്ഞെടുക്കാനുള്ള അവസരമാകും ഇതിലൂടെ ലഭിക്കുക. കൂട്ടത്തിൽ മിടുക്കരായവരെ തെരഞ്ഞെടുക്കാൻ എല്ലാവരും തുനിഞ്ഞാൽ അത് വലിയ വിവേചനമാകും. കൂടാതെ പുതിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് സ്വവർഗ്ഗ വിവാഹത്തിലേർപ്പെട്ടവർക്കും കുട്ടികളെ നൽകാൻ സ്ഥാപനങ്ങൾ നിർബന്ധിതമാകും. സ്വവർഗ്ഗവിവാഹത്തിന് നിയമപ്രാബല്യമുള്ള വിദേശരാജ്യങ്ങളിൽ പലതിലും കുഞ്ഞുങ്ങളെ ദത്തെടുക്കാൻ സ്വവർഗ്ഗ ദമ്പതികൾക്ക് അനുമതി ഇല്ലാതിരിക്കെ, നമ്മുടെ രാജ്യത്തെ ഭരണകർത്താക്കൾക്ക് എങ്ങനെ ഇതനുവദിക്കാൻ കഴിയുന്നു. ഇത്തരത്തിലുള്ളവർ പിന്തുടരുന്ന അരാജകജീവിതത്തിലേയ്ക്ക് ഒരു മനുഷ്യജീവനെക്കൂടെ അറിഞ്ഞുകൊണ്ട് എറിഞ്ഞുകൊടുക്കുകയല്ലേ ഇതിലൂടെ ചെയ്യുക.

ദാമ്പത്യബന്ധം കാത്തു സൂക്ഷിക്കാൻ കഴിയാത്തവർക്കുപോലും കുട്ടികളെ ദത്തെടുക്കാൻ അനുവദിക്കുന്നതാണ് പുതിയ നിയമഭേദഗതി. കുട്ടികളെ പ്രസവിക്കാനും വളർത്താനും മടിയുള്ള ദമ്പതികൾക്കും ദാമ്പത്യജീവിതം നന്നായി കൊണ്ടുപോവാൻ സാധിക്കാത്തവർക്കും എങ്ങനെയാണ് കുഞ്ഞുങ്ങളെ നല്ലരീതിയിൽ വളർത്താനാവുക.

മനുഷ്യനന്മയെ തൊട്ടറിയാതെയുള്ള ഈ ഭേദഗതിനിയമം വരും തലമുറയ്ക്ക് വലിയ വിപത്താകും. നിഷ്കളങ്കമായ പാൽപുഞ്ചിരിയുമായി നമുക്കിടയിലേയ്ക്ക് പിച്ചവച്ചുവരുന്ന അനാഥകുഞ്ഞുങ്ങളെ പരിരക്ഷിക്കാൻ സാമൂഹിക നവോത്ഥാനത്തിലെന്നപോലെ ശക്തമായൊരു പ്രസ്ഥാനമായി സമൂഹം മുന്നോട്ടുവരണം. നിയമം ശക്തമാക്കൽ, അത് കർശനമായി നടപ്പാക്കൽ, ബോധവത്കരണം, സാമൂഹിക ഇടപെടൽ എന്നിവയെല്ലാം ചേർന്നാൽ മാത്രമേ ഗുണകരമായ ദത്തെടുക്കൽ രീതി നമ്മുടെയിടയിൽ വർദ്ധിക്കുകയുള്ളൂ.

# ടി.വി. തോമസിന്റെ അന്ത്യകൂദാശയും ചില യാഥാർത്ഥ്യങ്ങളും

**ഫാ. വർഗീസ് വള്ളിക്കാട്ട്**, പി.ഒ.സി., കൊച്ചി

കമ്മ്യൂണിസ്റ്റു നേതാവായിരുന്ന ടി.വി. തോമസ് മരിക്കുന്നതിനുമുമ്പ് ക്രിസ്തീയ വിശ്വാസമനുസരിച്ചുള്ള രോഗീലേപനവും വിശുദ്ധകുർബാനയും സ്വീകരിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ചിരുന്നു എന്നും അങ്ങനെ ഉണ്ടായിട്ടില്ലെന്നുമുള്ള നിലപാടുകൾ പതിവുപോലെ വിവാദത്തിൽ എത്തിനില്ക്കുന്നു, ഇത്തരം വിവാദങ്ങൾ കേരളത്തിൽ ആദ്യത്തേതല്ല. കേരളിയർക്ക് സംവാദങ്ങളോടെന്നതിനേക്കാൾ വിവാദങ്ങളോടാണ് പ്രിയം. മത്തായി ചാക്കോയുമായി ബന്ധപ്പെട്ടു നടന്ന സമാനമായ തർക്കങ്ങൾ കേരള രാഷ്ട്രീയത്തിലും സമൂഹത്തിലും വലിയ ഒച്ചപ്പാടുകൾ സൃഷ്ടിച്ചിരുന്നു. ക്രമേണ ആ വിഷയം മിക്കവാറും എല്ലാവരും മറന്നു. വസ്തുതകൾ പരിശോധിച്ച് അതിന്റെ വാസ്തവം അറിയുന്നതിനേക്കാൾ ഇത്തരം വിവാദങ്ങൾ ഉയർത്തിവിടുന്ന ചില ബലതന്ത്രങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന ചലനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിലാണ് തർക്കമുന്നയിക്കുന്നവരുടെ താത്പര്യമെന്നു തോന്നുന്നു. വസ്തുതകൾ വളച്ചൊടിച്ചു വ്യാഖ്യാനിക്കാനും സത്യത്തെ പാടേ നിഷേധിച്ചുകൊണ്ടുപോലും തങ്ങളുടെ മുൻ നിലപാടുകളുടെ സാധുത സ്ഥാപിച്ചെടുക്കാനുമുള്ള ശ്രമങ്ങളാണ് പ്രകടമായിക്കാണാറുള്ളത്. ideological practical

കമ്മ്യൂണിസ്റ്റുകൾ മരണംവരെ തങ്ങളുടെ പ്രത്യയശാസ്ത്രനിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊള്ളണമെന്നും, ഇതിൽ വ്യക്തിപരമായ വിശ്വാസങ്ങൾക്കു പ്രസക്തിയില്ലെന്നുമാണ് വയ്പ്. സ്റ്റാലിന്റെയും പോൾപോട്ടിന്റെയും മാവോയുടെയും കാർക്കശ്യത്തോടെ അവർ സമൂഹത്തെയും ജീവിതത്തെയും നേരിട്ടുകൊള്ളണം! പുസ്തകം നോക്കി പ്രത്യയശാസ്ത്രം നടപ്പാക്കിയവർ മനുഷ്യവംശത്തിന്റെ ദുരിതപർവങ്ങൾ പരിഹരിക്കുന്നതിനേക്കാൾ ദുരന്തങ്ങളിലേക്കു നയിക്കുകയായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പ്രത്യയശാസ്ത്രത്തിന്റെ അച്ചിൽ വാർത്തെടുത്ത മാർക്സിസ്റ്റു രൂപമാതൃകകൾ ലോകത്തിലൊരിടത്തും ഇന്ന് പ്രയോഗത്തിലില്ലാത്തതിന്റെ കാരണവും അതു തന്നെയാണ്. മതബോധം ആഴത്തിൽ വേരോടിയിട്ടുള്ള ഒരു മനുഷ്യസംസ്കാരത്തിലും മാർക്സിസത്തിന് ആഴത്തിൽ വേരൂന്നാൻ കഴിയാത്തതിരുന്നതും മാർക്സിസത്തെ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രം എന്നതിലുപരി മതമാക്കിത്തീർക്കുന്ന ഈ നിലപാടുമൂലമാണ്. മതം മനുഷ്യനെ മയക്കുന്ന കറപ്പാണെന്നു പഠിപ്പിക്കുകയും മാർക്സിസത്തെത്തന്നെ മതമാക്കി മാറ്റുകയും ചെയ്യുന്ന ഈ വൈരുധ്യം ഭൗതികവാദത്തിന്റെ വൈരുധ്യങ്ങൾക്കുമപ്പുറത്താണ്.

ഇന്ത്യയിൽ മാർക്സിസത്തിനു പ്രസക്തിയുള്ളത് ഒരു മതമെന്ന നിലയിലല്ല, ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രപദ്ധതി എന്ന നിലയിലാണ്. രാഷ്ട്രീയമായ നയതീരുമാനങ്ങളിലും നിലപാടുകളിലും മതം പരിഗണനാവിഷയമാക്കുന്നില്ല എന്നിടത്താണ് അതിനു പ്രസക്തിയുള്ളത്. മാർക്സിസം മതേതര മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളും എന്നതിന്റെ അർത്ഥവും ആ വിധത്തിലാണെന്നു വേണം കരുതാൻ.

സജീവ രാഷ്ട്രീയത്തിലുള്ള വ്യക്തികൾ പാർട്ടിയുടെ നിലപാടു ജീവിതത്തിലും പാലിക്കണമെന്നു വാദിക്കുന്നത് യുക്തിസഹജമാണ്. അതിനാൽ മാർക്സിസം സ്വീകരിച്ചിട്ടുള്ളവർ അഥവാ, കമ്മ്യൂണിസ്റ്റുകൾ മതത്തെ പൊതുജീവിതത്തിൽ നിന്നും മാറ്റി നിറുത്തണം എന്നു ആവശ്യപ്പെടുന്നതും പ്രസക്തമാണ്. എന്നാൽ, സജീവ രാഷ്ട്രീയമില്ലാത്തവരും അതിൽ നിന്നു വിരമിച്ചവരും മരണംവരെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം ജീവിക്കണമെന്ന് നിഷ്കർഷിക്കുന്നത് മാർക്സിസത്തെ മതമാക്കി മാറ്റലാണ്. മാർക്സിസ്റ്റു രീതിയിൽ മരണാനന്തരകർമങ്ങൾ അനുഷ്ഠിക്കണമെന്നതും മാർക്സിസ്റ്റു മതത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളുമാണ്. ഇത് മാർക്സിസമെന്ന ഭൗതിക രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ള കാര്യമാണ്. സജീവരാഷ്ട്രീയമുപേക്ഷിച്ച മാർക്സിസ്റ്റുകൾ സന്ന്യസിക്കണമോ, കുമ്പസാരിക്കണമോ, കുർബാന സ്വീകരിക്കണമോ എന്നൊക്കെയുള്ള വൈയക്തിക തീരുമാനങ്ങളിൽ പാർട്ടി ഇടപെടേണ്ടതുണ്ടോ? തികച്ചും വ്യക്തിപരമായ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിൽ നിന്ന് വ്യക്തികൾക്ക് ഉപരോധം ഏർപ്പെടുത്തുന്നത് മരണത്തിൽപോലും മനുഷ്യനെ ചങ്ങലയ്ക്കിടുന്നതിനു തുല്യമല്ലേ? മനുഷ്യന് സ്വതന്ത്രനായി ജനിക്കുന്നതുപോലെ സ്വതന്ത്രനായി മരിക്കാനും അവകാശമില്ലേ? ജന്മനാ ആരും മാർക്സിസ്റ്റാകാത്തതുപോലെ പ്രത്യയശാസ്ത്ര

ചങ്ങലകൾ കൂടാതെ മരിക്കാനും മനുഷ്യന് കഴിയേണ്ടതല്ലേ? മാർക്സിസം ഒരു പ്രത്യയശാസ്ത്രമോ അതോ മരണത്തിനും അപ്പുറത്തേക്കു നീളുന്ന പ്രത്യാശ നല്കുന്ന വിശ്വാസമോ?

ഇനി പറയൂ, മത്തായി ചാക്കോയും ടി.വി. തോമസും സജീവരാഷ്ട്രീയത്തിന്റെ ദിനങ്ങൾ വിട്ട് മരണത്തെ അഭിമുഖീകരിച്ചപ്പോൾ ചെറുപ്പത്തിൽ തങ്ങൾ പുലർത്തിയതും, തങ്ങളുടെ കുടുംബാംഗങ്ങൾ ജീവിക്കുന്നതുമായ വിശ്വാസത്തിൽ പങ്കുചേർന്ന് ക്രൈസ്തവമായ ഒരന്ത്യത്തിന് ആഗ്രഹിച്ചെങ്കിൽ അതിലെന്താണ് തെറ്റ്? ഇന്ന് ജീവിച്ചിരിക്കുന്ന അനേകം മാർക്സിസ്റ്റുകളും ജീവിതാന്ത്യത്തിൽ അവർക്കിഷ്ടമുള്ള മതാചാരപ്രകാരം മരണത്തെ അഭിമുഖീകരിക്കാൻ തീരുമാനിക്കുന്നതിൽ നിന്ന് പാർട്ടി അവരെ തടയുമോ? പാർട്ടിക്കാരെ കാവൽ നിറുത്തി അവരുടെ സ്വാതന്ത്ര്യത്തെ തടയാൻ പാർട്ടി തീരുമാനിക്കുമോ?

മാർക്സിസ്റ്റുപാർട്ടി ഓരോ വ്യക്തിയുടെയും സ്വകാര്യജീവിതത്തെ സംബന്ധിച്ച് മതപരമായ നിഷ്കർഷപുലർത്തുന്ന നിർഭാഗ്യകരമായ സാഹചര്യത്തിൽ, ഒരാൾ വ്യക്തിപരവും, സ്വകാര്യവും ആത്മീയവുമായ തന്റെ ഒരാവശ്യം തന്റെ കുടുംബാംഗത്തോടോ സ്നേഹിതരോടൊ രഹസ്യമായി പറഞ്ഞാൽ, അതു നിർവഹിച്ചുകൊടുക്കാൻ അവർക്കു കടമയില്ലേ? അവർ അതിനുവേണ്ടി ഒരു പുരോഹിതനെയോ സന്ന്യാസിയേയോ സമീപിച്ചാൽ അവരും അത്തരം ഒരു ഉത്തരവാദിത്വം നിർവഹിക്കാൻ ആവതെല്ലാം ചെയ്യുന്നതിൽ എന്താണ് തെറ്റ്? തികച്ചും വ്യക്തിപരമായ ഇത്തരം കാര്യങ്ങളുടെ പവിത്രത സൂക്ഷിക്കാൻ ബന്ധപ്പെട്ടവരും പൊതുസമൂഹവും ജാഗ്രത പുലർത്തേണ്ടതാണ്. ഇങ്ങനെയുള്ള വിഷയങ്ങൾ മാധ്യമവിചാരണയ്ക്ക് എടുക്കുന്നത് അനാവശ്യവും നീതിരഹിതവുമാണ്.

# ദത്തെടുക്കൽ: പുതിയ മാർഗരേഖ ആശങ്കാജനകം

**ന്യൂഡൽഹി:** ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ടു കേന്ദ്ര വനിതാ, ശിശുക്ഷേമ മന്ത്രാലയത്തിന്റെ പുതിയ മാർഗരേഖയിലെ ചില വകുപ്പുകൾ ആശങ്കാജനകമാണെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി. കേന്ദ്രസർക്കാരിന്റെ പുതിയ നിലപാടുകൾ മനുഷ്യജീവന്റെ അന്തസ്സിനും പ്രധാന മൂല്യങ്ങൾക്കും വിരുദ്ധമാണെന്നു സി.ബി.സി.ഐ സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് ഡോ. ആൽബർട്ട് ഡിസൂസയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ചൂണ്ടിക്കാട്ടി.

മദർ തെരേസ രൂപം നൽകിയതും പരക്കെ അംഗീകരിക്കപ്പെട്ടതുമായ രാജ്യത്തെ നിലവിലുള്ള ദത്തെടുക്കൽ മൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും കടകവിരുദ്ധമായ പലതും പുതിയ മാർഗരേഖയിൽ ഉണ്ടെന്നു സി.ബി.സി.ഐയുടെ നിയമ, പൊതുതാത്പര്യ വ്യവഹാരങ്ങൾക്കായുള്ള സമിതി ചൂണ്ടിക്കാട്ടി. മനുഷ്യജീവന്റെ അന്തസും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിനു കഴിയാത്ത തരത്തിലാണു കേന്ദ്രസർക്കാരിന്റെ പുതിയ മാർഗരേഖയെന്ന മിഷനറീസ് ഓഫ് ചാരിറ്റിയുടെ അഭിപ്രായം സിബിസിഐ പൂർണമായും ശരിവച്ചു. ഒറ്റയ്ക്കു കഴിയുന്ന ഏതെങ്കിലുമൊരു പുരുഷനോ സ്ത്രീയോ ഒരു കുഞ്ഞിനെ ദത്തെടുക്കാൻ അനുവദിക്കുന്ന നടപടികൾ തീർത്തും അസ്വീകാര്യമാണ്. ദത്തെടുക്കലിന്റെ ഉദ്ദേശം തന്നെ പരാജയപ്പെടുത്തുന്നതും ദത്തെടുക്കപ്പെടുന്ന കുട്ടിക്കു പലതരത്തിലുള്ള അപകടസാധ്യതകൾ ഉണ്ടാക്കുന്നതുമാണിത്. ദത്തെടുക്കുന്നയാൾക്കു ആറു കുട്ടികളെ കാണിച്ചു കൊടുത്ത് ഇഷ്ടമുള്ള കുട്ടിയെ സ്വീകരിക്കാമെന്ന വ്യവസ്ഥയും ഇതേപോലെ തന്നെ അപകടകാരിയാണ്. കുട്ടികൾക്കു മനുഷ്യത്വപരമായ അന്തസ്സ് നിഷേധിച്ചുകൊണ്ടു ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുന്ന വെറുമൊരു ചരക്കുകൈമാറ്റത്തിന്റെ തലത്തിലേക്കു തരംതാഴുന്നതുമാണ് ഈ വ്യവസ്ഥയെന്നു സി.ബി.സി.ഐ പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി. കേന്ദ്രസർക്കാരിന്റെ പുതിയ മാർഗരേഖയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാൻ നിയമവിദഗ്ധരുടെ സമിതിയെ സി.ബി.സി.ഐ ആസ്ഥാനത്തു നടന്ന യോഗത്തിൽ തെരഞ്ഞെടുത്തു. നൂറുകണക്കിനു സന്യാസി, സന്യാസിനികളുടെ നേതൃത്വത്തിൽ ആത്മസമർപ്പണത്തോടെ രാജ്യത്താകെ പ്രവർത്തിക്കുന്ന ദത്തെടുക്കൽ കേന്ദ്രങ്ങളുടെ നല്ല ലക്ഷ്യവും അന്തസ്സും പരിപാലിക്കുന്നതിനുള്ള നിർദേശങ്ങൾ നിയമവിദഗ്ധരുടെ സമിതി സമർപ്പിക്കുമെന്നു സി.ബി.സി.ഐ വക്താവ് ഫാ. ഗ്യാൻപ്രകാശ് ടോപ്നോ അറിയിച്ചു. സ്നേഹത്തോടെയും കരുതലോടെയും അന്തസ്സോടെയും കുട്ടികളെ പരിപാലിക്കാൻ കഴിയുന്ന തരത്തിൽ ദത്തെടുക്കൽ പ്രക്രിയ നടപ്പാക്കേണ്ടതു അനിവാര്യമാണെന്നു സി.ബി.സി.ഐ സമിതി ഓർമിപ്പിച്ചു. **(സി.ബി.സി.ഐ, ദീപിക 17/10/15)**

# തെരുവുനായ ശല്യത്തിനെതിരെ ഉപവാസം: പിന്തുണ അറിയിച്ച് കെ.സി.ബി.സി

**കൊച്ചി:** തെരുവുനായ ശല്യത്തിനെതിരെ ഫലപ്രദമായ നടപടികൾ ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് കേരള സ്ട്രേഡോഗ് ഫ്രീമൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ 25-ന് കൊച്ചിയിൽ നടക്കുന്ന 24 മണിക്കൂർ സൂചനാ നിരാഹാരസമരത്തിന് കെസിബിസി ഐക്യജാഗ്രതാ സമിതി പിന്തുണ അറിയിച്ചു. ഡെപ്യൂട്ടി സെക്രട്ടറി ജനൽ ഫാ. വർഗീസ് വള്ളിക്കാട്ട്, ഐക്യജാഗ്രതാ സമിതി സെക്രട്ടറി ഫാ. സാജു കുത്തോടി പുത്തൻപുരയിൽ എന്നിവരും ജാഗ്രതാ സമിതി സെൻട്രൽ കേരള കോ-ഓർഡിനേറ്റർമാരും കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി നേതൃത്വം നല്കുന്ന ഉപവാസസമരത്തിൽ പങ്കെടുക്കും. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നല്കാൻ കടപ്പെട്ട പോലീസ് ഡിപ്പാർട്ടുമെന്റ് തെരുവിൽ മനുഷ്യജീവനു ഭീഷണി ഉയർത്തുന്ന തെരുവുനായ്ക്കളുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്നത് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒഴിഞ്ഞു മാറലാണ്. ഇത്തരം ഒരു സാഹചര്യത്തിൽ തെരുവിൽ അലഞ്ഞു തിരിയുന്ന നായ്ക്കളെ അതാതു പ്രദേശത്തെ പോലീസ് സ്റ്റേഷൻ വളപ്പിലോ മറ്റു സുരക്ഷിതമായ ഇടങ്ങളിലോ സംരക്ഷിക്കാൻ ഡിജിപി പോലീസിന് നിർദ്ദേശം നല്കണം. തെരുവുനായ നിർമ്മാർജനത്തിനും മാലിന്യ നിർമ്മാർജനത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുതരുന്ന സ്ഥാനാർത്ഥികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കാൻ ജനങ്ങൾ പ്രത്യേകം ശ്രദ്ധവയ്ക്കുകയും വേണം. **(കെ.സി.ബി.സി, ദീപിക 20/10/15)**

# മദ്രാസ് ഹൈക്കോടതിയുടെ വിധി ആശങ്കാജനകം

**കൊച്ചി:** കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നവരെ ഷണ്ഡീകരിക്കണമെന്ന മദ്രാസ് ഹൈക്കോടതിയുടെ നിർദ്ദേശം ഇന്ത്യൻ ജുഡീഷ്യറിയുടെ അന്തഃസത്തയ്ക്കും പരിഷ്കൃതസമൂഹത്തിനും ചേർന്നതാണോ എന്ന് പരിശോധിക്കണം. ഇന്ത്യയിൽ കുട്ടികൾക്കും സ്ത്രീകൾക്കും നേരെ വർധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങളിൽ ജുഡീഷ്യറിക്കുള്ള ഉത്ക്കണ്ഠ സമൂഹത്തിന്റേതുമാണ്. എന്നാൽ, ശിക്ഷാരീതികളെ പ്രാകൃതമാക്കുന്നത് ഇതിനു പരിഹാരമാവുമോ എന്ന ധാർമ്മികവും നൈതികവുമായ പ്രശ്നം കാണാതെ പോകരുത്. സമൂഹത്തിൽ ചിലരുടെ അക്ഷമ ജുഡീഷ്യറിയെയും ബാധിക്കുന്നത് രാജ്യം നേടിയെന്ന് നാം അഭിമാനിക്കുന്ന സാംസ്കാരിക ഉന്നതിയെ പിന്നോട്ടടിക്കും. പ്രാകൃതമായ കുറ്റത്തിന് പ്രാകൃതമായ ശിക്ഷ എന്നത് നാം കൈവരിക്കേണ്ട ലക്ഷ്യമല്ല. കുറേക്കൂടി സമഗ്രമായും അവധാനതയോടെയുമുള്ള സമീപനങ്ങളാണ് ഇത്തരം വിഷയങ്ങളിൽ ഉയർന്നു വരേണ്ടത്. **(കെ.സി.ബി.സി, ദീപിക 27/10/15)**

# വർഗീയ ശക്തികൾക്കെതിരെ ജാഗ്രത പുലർത്തണം

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജനാതിപത്യം, മതേതരത്വം, ഈശ്വരവിശ്വാസം തുടങ്ങിയ മൂല്യങ്ങളിൽ നിലയുറപ്പിക്കുന്നവരും അഴിമതി ഇല്ലാത്തവരുമായ വ്യക്തികളെ വിജയിപ്പിക്കാണമെന്ന് കെ.സി.ബി.സി അൽമായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ പറഞ്ഞു. കേരള കത്തോലിക്കാ സഭയിലെ മൂന്ന് വ്യക്തിഗത സഭകളുടെയും അൽമായ സംഘടനകളായ കത്തോലിക്കാ കോൺഗ്രസ്, കേരളകത്താലിക ലാറ്റിൻ അസോസിയേഷൻ, മലങ്കര കാത്തലിക അസോസിയേഷൻ എന്നിവയുടെ ഏകോപനസമിതിയായ കാത്തലിക് ഫെഡറേഷന്റെ(കെ.സി.എഫ്) വാർഷിക സമ്മേളനം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂനപക്ഷ സമുദായങ്ങളെയും ഭൂരിപക്ഷ സമുദായങ്ങളെയും ശത്രുതയിലേക്ക് തള്ളി നീക്കുന്ന വർഗീയ ശക്തികൾക്കെതിരെ കരുതലോടെ നിലകൊള്ളാൻ കേരള കാത്തലിക് ഫെഡറേഷൻ സമ്മേളനം അഹ്വാനം ചെയ്തു. ന്യൂനപക്ഷവും ഭൂരിപക്ഷവും ചേർന്ന് രൂപപ്പെടുത്തിയ സംസ്കാരങ്ങളും ആചാരങ്ങളും ഇന്ത്യയുടെ തനിമയാണ്. ഈ വൈവിദ്ധ്യങ്ങൾ നമ്മുടെ രാജ്യത്തിന്റെ അവിഭാജ്യഘടകമാണെന്നും അതിൽനിന്നും ആവിർഭവിച്ച ബഹുസ്വരതയിൽ അധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തെ തകർക്കാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രവണതകളെ അവസാനിപ്പിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. വർഗീയതയ്ക്കും ഫാസിസത്തിനുമെതിരായ എഴുത്തുകാരുടെ പ്രതികരണങ്ങൾ ജനമന:സാക്ഷിയുടെ ശബ്ദമാണ്.

കെ.സി.എഫ്. സംസ്ഥാന പ്രസിഡന്റ് പി.ഐ. ലാസർ മാസ്റ്റർ അധ്യക്ഷനായിരുന്നു. ഫാ. വർഗീസ് വള്ളിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസ് കോട്ടയിൽ, അഡ്വ. ആന്റണി അമ്പാട്ട്, വി.വി. അഗസ്റ്റിൻ, ഷാജി ജോർജ്, പി.കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. ഡോ. എഡ്വേർഡ് എടേഴത്ത്, ആന്റണി ചടയംമുറി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.**(കെ.സി.എഫ്,** മാതൃഭൂമി **13/10/2015)**

# ക്വാറികളുടെ പരിസ്ഥിതി അനുമതി: ഹൈക്കോടതി വിധി സ്റ്റേ ചെയ്യാൻ വിസമ്മതിച്ച സുപ്രീംകോടതി നിലപാട് സ്വാഗതാർഹം

**കൊച്ചി:** ക്വാറി പ്രവർത്തനത്തിന് പരിസ്ഥിതി അനുമതി ആവശ്യമാണെന്ന നിയമം കർശനമായി നടപ്പിലാക്കാനുള്ള ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യാൻ വിസമ്മതിച്ച സുപ്രീം കോടതി നിലപാട് സ്വാഗതാർഹമാണ്. പരിസ്ഥിതിസംരക്ഷണ ജനകീയസമിതി എന്ന സംഘടന ഫയൽചെയ്ത പൊതു താത്പര്യഹർജിയിലാണ് ക്വാറികൾ പരിസ്ഥിതി അനുമതിയില്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ മൈനിങ്ങ് അധികാരികൾക്ക് ഹൈക്കോടതി നിർദ്ദേശം നല്കിയത്. ഈ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ച ക്വാറി ഉടമകളുടെ ആവശ്യം നിരാകരിച്ച കോടതി കേസിലെ കക്ഷികളോട് മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ നിലവിലെ അവസ്ഥ തുടരാൻ നിർദ്ദേശിക്കുകയായിരുന്നു.

ക്വാറിപ്രവർത്തനങ്ങൾക്ക് പരിസ്ഥിതിആഘാത പഠനം ആവശ്യമാണെന്ന നിയമം നടപ്പിലാക്കണമെന്ന 30.9.2015-ലെ ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി മരവിപ്പിച്ചതായി കേരളത്തിലെ ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഇത് വസ്തുതകൾക്ക് വിരുദ്ധമാണ്. ഹൈക്കോടതി ഉത്തരവിൽ സുപ്രീം കോടതി ഇടപെട്ടിട്ടില്ല എന്നു മാത്രമല്ല, ഹൈക്കോടതി ഉത്തരവിനെ തുടർന്ന് അടച്ചുപൂട്ടിയ ക്വാറികൾ മറ്റൊരു ഉത്തരവു വരുന്നതുവരെ തൽസ്ഥിതി തുടരണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനു വിരുദ്ധമായ പ്രചാരണങ്ങൾ ജനങ്ങളിൽ തെറ്റിദ്ധാരണ വളർത്തുകയും അഴിമതിക്കു വഴിയൊരുക്കുകയും ചെയ്യുമെന്ന് കെസിബിസി ഐക്യജാഗ്രതാസമിതിയുടെ പ്രതിവാര അവലോകന യോഗം വിലയിരുത്തി. **(കെ.സി.ബി.സി, ദീപിക 2/11/15)**

# ജനസംഖ്യ: ആർ.എസ്.എസ് നിലപാട് ആപത്കരം

**കൊച്ചി:** ആർഎസ്എസ് അഖില ഭാരതീയ കാര്യക്രാന്തിമണ്ഡലിന്റെ ന്യൂനപക്ഷ ജനസംഖ്യ സംബന്ധിച്ച നിലപാട് പ്രത്യക്ഷത്തിൽ തന്നെ ന്യൂനപക്ഷങ്ങളിൽ അരക്ഷിതാവസ്ഥയും ഭീതിയും ജനിപ്പിക്കാനുദ്ദേശിച്ചുള്ളതാണ്. ഇത്തരം നീക്കങ്ങൾ സൗഹൃദാന്തരീക്ഷം തകർക്കുകയും പ്രാദേശിക തലത്തിൽ വർഗീയ സംഘർഷം വളർത്തുകയും ചെയ്യും. സമൂഹത്തിൽ നിലനില്ക്കുന്ന സഹവർത്തിത്വവും സൗഹൃദവും തകർത്ത് രാഷ്ട്രീയ ലാഭം കൊയ്യാൻ ശ്രമം നടത്തുന്നത് വിനാശകരമാണ്. ന്യൂന പക്ഷങ്ങളുടെ ജനസംഖ്യയിൽ വരുന്ന വ്യതിയാനങ്ങളിൽ രാജ്യത്തെ സ്വയംസേവകർ ജാഗ്രത പാലിക്കണമെന്ന ആഹ്വാനം ആർഎസ്എസ്സിന്റെ ന്യൂനപക്ഷവിരോധം അസഹിഷ്ണുതയുടെയും വർഗീയതയുടെയും തലത്തിലേക്ക് വളർന്നിരിക്കുന്നതിന്റെ സൂചനയാണ്.

ന്യൂനപക്ഷങ്ങൾക്ക് ദേശീയ ശരാശരിയിൽ കൂടിയ ജനസംഖ്യാനുപാതമുള്ള സംസ്ഥാനങ്ങൾ മാത്രം ചൂണ്ടിക്കാട്ടി ദേശീയതലത്തിൽ ജനസംഖ്യാവർധനവുണ്ടാകുന്നു എന്ന് പ്രചരിപ്പിക്കുന്നത് ദുരുദ്ദേശപരമാണ്. ജനസംഖ്യാനിയന്ത്രണം പോലുള്ള തന്ത്രപ്രധാന വിഷയങ്ങളിൽ ഭരണത്തിനു പുറത്തുള്ള തീവ്രവാദവിഭാഗങ്ങൾ നിയന്ത്രണവും സ്വാധീനവും ചെലുത്താൻ ശ്രമിക്കുന്നത് ജനാധിപത്യ സംവിധാനങ്ങളെ ദോഷകരമായി ബാധിക്കും.

ജനാധിപത്യരാഷ്ട്രത്തിൽ ഭരണത്തിന്റെ അജണ്ട നിശ്ചയിക്കേണ്ടത് പാർലമെന്റാണ്. തീവ്രനിലപാടുകളുള്ള സംഘടനകൾ ആ ചുമതല ഏറ്റെടുക്കുന്നത് രാജ്യത്തിന്റെ ഭരണഘടനയേയും ജനാധിപത്യ സ്ഥാപനങ്ങളെയും അപ്രസക്തമാക്കും. ഏതെങ്കിലും പ്രത്യേകമതത്തെ രാജ്യത്തിന്റെ സ്വന്തം മതമെന്ന് വർഗീകരിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രാജ്യസ്നേഹവും രാജ്യത്തോടുള്ള കൂറും അളക്കാൻ ശ്രമിക്കുന്ന പ്രവണതയ്ക്കെതിരേ എല്ലാവിഭാഗം ജനങ്ങളും ജാഗ്രത പുലർത്തണം. **(കെ.സി.ബി.സി, ദീപിക 2/11/15)**

വാർത്തകൾ

## മതപരിവർത്തനത്തിനു വഴങ്ങിയില്ല: ഐഎസ് പന്ത്രണ്ടോളം ക്രൈസ്തവരെ ക്രൂശിലേറ്റി

**ആ**ലെപ്പോ: സിറിയയിലെ ഐഎസ് ക്രൂരതകളെക്കുറിച്ച് ദിവസവും പുതിയ റിപ്പോർട്ടുകളാണു വന്നുകൊണ്ടിരിക്കുന്നത്. ഇസ്ലാം മതത്തിലേക്കു പരിവർത്തനം ചെയ്യാൻ വിസമ്മിതിച്ച പന്ത്രണ്ടോളം ക്രൈസ്തവരെ ക്രൂരമായി കൊലപ്പെടുത്തിയതാണ് സിറിയയിൽ നിന്നു റിപ്പോർട്ട് ചെയ്യുന്നത്. സിറിയൻ ക്രിസ്ത്യൻ മിനിസ്ട്രി ടീം തലവനും കുടുംബവും ഇതിൽ ഉൾപ്പെടുന്നു. കൂട്ടത്തിൽ ഏറ്റവും ക്രൂരപീഡനം നേരിടേണ്ടിവന്നത് 12 വയസ്സുകാരനായ ബാലനാണ്. പിതാവിന്റെ മുന്നിൽ വച്ച് ബാലന്റെ കൈവിരലുകൾ അറുത്തുമാറ്റി. മതം മാറിയില്ലെങ്കിൽ ഇതിലും ക്രൂരപീഡനങ്ങൾ നേരിടേണ്ടിവരുമെന്ന് തീവ്രവാദികൾ അവരോടു പറഞ്ഞു. എന്നാൽ അവർ വിസമ്മതിച്ചതോടെ എല്ലാവരെയും തലയറുത്തു കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് ബാലനെയും പിതാവിനെയുമടക്കം മൂന്നുപേരെ ക്രൂശിലേററിയതായും സിറിയയിലെ ദ ഗോസ്പൽ ഹെറാൾഡ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. **(വീക്ഷണം 10/10/2015)**

സഭാതലം

## ചരിത്രമെഴുതി മെത്രാൻ സിനഡ്

**വത്തിക്കാൻ സിറ്റി:** ഫ്രാൻസിസ് മാർപാപ്പയുടെ അധ്യക്ഷതയിൽ മൂന്നാഴ്ചയായി വത്തിക്കാനിൽ നടന്നുവന്ന കുടുംബത്തെക്കുറിച്ചുള്ള സുപ്രധാന സിനഡ് സമാപിച്ചു. സിനഡിനു സമാപനം കുറിച്ച് 24-ാം തീയതി ശനിയാഴ്ച പ്രാദേശികസമയം രാത്രി ഏഴിനു മാർപാപ്പയും 270 സിനഡ് പിതാക്കന്മാരും ഒന്നുചേർന്നു ദൈവത്തിനു സ്തുതിയർപ്പിച്ചു. സഹോദരീസഭകളുടെ 14 പ്രതിനിധികളും 17 ദമ്പതികളും 17 വ്യക്തികളും സന്നിഹി തരായിരുന്നു. 25-ാം തിയതി ഞായറാഴ്ച രാവിലെ പത്തിന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഫ്രാൻസിസ് മാർപാപ്പയുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ മെത്രാന്മാരുടെ സിനഡിന്റെ പതിന്നാലാമത് സാധാരണ സമ്മേളനം ഔദ്യോഗികമായി സമാപിച്ചു. ഒക്ടോബർ നാലിനാരംഭിച്ച സിനഡിനെ ഫ്രാൻസിസ് മാർപാപ്പ ആറു തവണ അഭിസംബോധന ചെയ്തു. 328 പ്രസംഗങ്ങൾ സിനഡ് പിതാക്കന്മാരുടേതായുണ്ടായിരുന്നു. 17 ദമ്പതികളും 16 വ്യക്തികളും സിനഡിനെ അഭിസംബോധന ചെയ്തു. **(ദീപിക 25/10/2015)**

## പുതിയ വത്തിക്കാൻ തിരുസംഘം

**വത്തിക്കാൻ സിറ്റി**: അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടി പുതിയ വത്തിക്കാൻ തിരുസംഘം രൂപീകരിക്കുമെന്നു ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. അല്മായർക്കുവേണ്ടിയും കുടുംബത്തി നുവേണ്ടിയുമുള്ള വത്തിക്കാൻ തിരുസംഘങ്ങൾ ഇതോടെ ഇല്ലാതാകും. ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാഡമിയെ പുതിയ തിരുസംഘത്തോടു കൂട്ടിച്ചേർക്കും. **(ദീപിക 24/10/2015)**

സാമൂഹികം

## സഹിഷ്ണുത സംരക്ഷിക്കണം: പ്രണബ് മുഖർജി

**ന്യൂഡൽഹി:** രാജ്യത്തിന്റെ കാതലായ മൂല്യങ്ങൾ നഷ്ടപ്പെടുത്തരുതെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി. നാനാത്വത്തിന്റെയും സഹിഷ്ണുതയുടെയും മൂല്യങ്ങൾ ഉള്ളിൽ സൂക്ഷിക്കണമെന്നും രാഷ്ട്രപതി രാജ്യത്തോട് അഭ്യർഥിച്ചു. ഉത്തർ പ്രദേശിലെ ദാദ്രിയിൽ ഗോവധം നടത്തിയെന്നും ഗോമാംസം ഭക്ഷിച്ചെന്നും ആരോപിച്ച് ജനക്കൂട്ടം ഒരാളെ അടിച്ചുകൊന്ന സംഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു രാഷ്ട്രപതിയുടെ ഓർമപ്പെടുത്തൽ. നമ്മുടെ സംസ്കാരത്തിന്റെ കാതലായ മൂല്യങ്ങൾ പാഴാക്കരുതെന്ന് ഉറച്ചു വിശ്വസിക്കുന്നു. വർഷങ്ങളായി നാം ആഘോഷിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക വൈവിധ്യത്തിന്റെയും സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും മൂല്യങ്ങൾ മനസിൽ സൂക്ഷിക്കണം. ഇതിനു ഭംഗം വരുത്തരുത്. നൂറ്റാണ്ടുകളായി നമ്മെ ഒരുമിപ്പിച്ചു നിർത്തിയത് ഈ കാതലായ സാംസ്കാരിക മൂല്യങ്ങളാണ്. പല പുരാതന സംസ്കാരങ്ങൾക്കും അപചയം സംഭവിച്ചിട്ടുണ്ട്. കടന്നുകയറ്റങ്ങൾക്കും ദീർഘകാലത്തെ വിദേശ ആധിപത്യത്തിനുശേഷവും ഇന്ത്യൻ സംസ്കാരം അതിജീവിച്ചു നിന്നത് സാംസ്കാരിക മൂല്യങ്ങളെ മുറുകെപ്പിടിച്ചായിരുന്നെന്ന കാര്യം മനസിൽ സൂക്ഷിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. **(ദീപിക 8/10/2015)**

## ന്യൂനപക്ഷ കമ്മീഷനും പ്രതിഷേധിച്ചു

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ പൂർണാധികാരത്തിലുള്ള കേരള ഹൗസിൽ ബീഫ് ഉപയോഗിക്കുന്നു എന്ന പേരിൽ റെയ്ഡ് നടത്തിയ സംഭവം അത്യന്തം പ്രതിഷേധാർഹമാണെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ. എം വീരാൻകുട്ടി. ഫെഡറൽ സംവിധാനത്തെ ചോദ്യം ചെയ്തും ബന്ധപ്പെട്ടവർക്ക് മുന്നറിയിപ്പ് നൽകാതെയും നടത്തിയ റെയ്ഡിനു പിന്നിൽ പ്രവർത്തിച്ചവരെ സാധൂകരിക്കുന്ന ഡൽഹി പോലീസ് കമ്മീഷണർക്കെതിരേ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ ഫലപ്രദമായ ഇടപെടൽ വേണമെന്ന് കേരള ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടു. **(വീക്ഷണം 29/10/2015)**

# മദർ തെരേസ സ്ഥാപിച്ച അനാഥാലയങ്ങൾ പൂട്ടുന്നു

**ന്യൂഡൽഹി:** ദത്തെടുക്കലുമായി ബന്ധപ്പെട്ടു കേന്ദ്ര വനിത, ശിശുക്ഷേമ മന്ത്രാലയം പുതുതായി കൊണ്ടുവന്ന മാനദണ്ഡങ്ങളോടു വിയോജിച്ചു വാഴ്ത്തപ്പെട്ട മദർ തെരേസ സ്ഥാപിച്ച, മിഷനറീസ് ഓഫ് ചാരിറ്റി സന്യാസ സമൂഹം നടത്തുന്ന അനാഥാലയങ്ങൾ അടച്ചു പൂട്ടുന്നു. തങ്ങളുടെ 13 അനാഥാലയങ്ങൾക്കുള്ള രജിസ്ട്രേഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു മിഷനറീസ് ഓഫ് ചാരിറ്റി കേന്ദ്ര സർക്കാരിനു കത്തയച്ചു. വിവാഹ ബന്ധം വേർപെടുത്തിയവർക്കും ഒറ്റയ്ക്കു ജീവിക്കുന്നവർക്കും കുട്ടികളെ ദത്തെടുക്കാൻ അനുവാദം നല്കണമെന്നുള്ള സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ (സിഎആർഎ) നിർദേശത്തോടുള്ള വിയോജിപ്പാണ് മിഷനറീസ് ഓഫ് ചാരിറ്റി അറിയിച്ചത്. **(ദീപിക 10/10/2015)**

# ദത്തെടുക്കൽ: കേന്ദ്രം വിജ്ഞാപനം പുറപ്പെടുവിച്ചു

**ന്യൂഡൽഹി:** പുതുക്കിയ ദത്തെടുക്കൽ നിയമാവലി കേന്ദ്ര വനിതാ-ശിശുക്ഷേമ മന്ത്രാലയം വിജ്ഞാപനം ചെയ്തു. ദത്തെടുക്കൽ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതു ലക്ഷ്യം വച്ച് രൂപീകരിച്ച നിയമാവലി ഒരു വർഷം നീണ്ടു നിന്ന ചർച്ചകൾക്കു ശേഷമാണ് തയാറാക്കിയത്. ഐ ടി അധിഷ്ഠിത ദത്തെടുക്കൽ സംവിധാനമായ കെയറിംഗ്സിലൂടെ രാജ്യത്തെ എല്ലാ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്നുള്ള ദത്തെടുക്കലും സംയോജിപ്പിക്കുകയും, സുതാര്യമാക്കുകയും ചെയ്യുന്നതിന് പുതുക്കിയ നിയമാവലിയിൽ വ്യവസ്ഥയുണ്ട്. ശിശു സംരക്ഷണ സ്ഥാപനങ്ങളിലുള്ള കുട്ടികൾക്ക് കഴിയുന്നത്ര വേഗത്തിൽ വീടുകൾ കണ്ടെത്തുകയെന്ന ഉദ്ദേശത്തോടെയാണ് നിയമാവലികൾ തയ്യാറാക്കിയത്. ജുവനൈൽ നിയമത്തിലെ 41(2)-ാം വകുപ്പ് പ്രകാരം ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമപരമായ ഉത്തരവാദിത്തം ശിശുസംരക്ഷണ സ്ഥാപനങ്ങൾക്കുണ്ട്. **(ദീപിക 15/10/15)**

# വ്യക്തിഗതസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണങ്ങളെ ഗൗരവമായി കാണണം: മനുഷ്യാവകാശ കമ്മീഷൻ

ന്യൂഡൽഹി: ബീഫ് കഴിക്കുന്നതിന്റെ പേരിലുള്ള അക്രമങ്ങൾക്കും വിമത ശബ്ദമുയർത്തുന്നവരെ കൊല പ്പെടുത്തുന്നതിനുമെതിരെ ശക്തമായ നിലപാടെടുത്ത് ദേശീയ മനുഷ്യാവകാശകമ്മീഷൻ. എന്തു കഴിക്കണമെന്നു തീരുമാനിക്കാനും അഭിപ്രായസ്വാതന്ത്ര്യത്തിനുമുള്ള ഭരണഘടനാപരമായ അവകാശങ്ങൾക്കെതിരെയുള്ള കടന്നാക്രമണങ്ങളെ രാഷ്ട്രീയക്കാരും ജുഡീഷ്യറിയും ഗൗരവമായി കാണണമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. എന്തു കഴിക്കണം. ഏത് വസ്ത്രം ധരിക്കണം. എന്നൊക്കെ ഓരോ പൗരന്റെയും വ്യക്തിസ്വാതന്ത്ര്യത്തിൽ പെടുന്ന കാര്യമാണ്. അതു ഭരണഘടന ഉറപ്പുനല്കുന്ന അവകാശമാണ്. അതു തടയാൻ ഒരു സംഘടനയ്ക്കും അവകാശമില്ല. പൗരൻമാരുടെ മൗലീകാവകാശം സംരക്ഷിക്കാൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്. **(മനോരമ 13/10/2015)**

# വിദ്യാഭ്യാസ വായ്പ പിന്നാക്കക്കാർക്കു പ്രത്യേക ഇളവില്ല: ഹൈക്കോടതി

**കൊച്ചി:** വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ പിന്നാക്ക വിഭാഗക്കാർക്കു പ്രത്യേക ഇളവ് അനുവദിക്കാനാവില്ലെന്നും ഇത്തരം വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള നടപടി സർക്കാരാണു നടപ്പാക്കേണ്ടതെന്നും ഹൈക്കോടതി പറഞ്ഞു. ഇത്തരം കാര്യങ്ങളിൽ കേന്ദ്ര സർക്കാരും റിസർവ് ബാങ്കും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും ചേർന്നാണു തീരുമാനം എടുക്കേണ്ടതെന്നും കോടതിക്ക് ഇടപെടാനാവില്ലെന്നും ചീഫ് ജസ്റ്റീസ് അശോക്ഭൂഷൺ, ജസ്റ്റീസ് എ.എം. ഷെഫീഖ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി. എസ് സി-എസ് ടി വിഭാഗം ഉൾപ്പെടെ പിന്നാക്ക വിഭാഗങ്ങൾക്കു വിദ്യാഭ്യാസ വായ്പ അനുവദിക്കുമ്പോൾ യോഗ്യതാ പരീക്ഷയുടെ മാർക്കിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട ഒരുകൂട്ടം ഹർജികളാണു ഹൈക്കോടതി പരിഗണിച്ചത്. ജനറൽ വിഭാഗത്തിന് 50 ശതമാനം മാർക്കും പിന്നാക്ക വിഭാഗങ്ങൾക്ക് 45 ശതമാനം മാർക്കുമാണു നേരത്തെ നിശ്ചയിച്ചിരുന്നത്. എന്നാൽ, പിന്നീട് ഈ വ്യവസ്ഥയിൽ മാറ്റം വരുത്തുകയും എല്ലാ വിഭാഗങ്ങൾക്കും 50 ശതമാനം യോഗ്യത മാർക്ക് നിശ്ചയിക്കുകയുംചെയ്തു. ഈ നടപടി ചോദ്യംചെയ്താണു ഹർജിക്കാർ കോടതിയെ സമീപിച്ചത്. **(ദീപിക 14/10/15)**

# എഴുത്തുകാരും അക്കാദമികളും ഫാസിസ്റ്റ് ഭരണകൂടവും: സക്കറിയ

നരേന്ദ്രമോഡിയുടെയും സംഘപരിവാരത്തിന്റെയും വർഗീയ ഫാസിസത്തിനെതിരെ വ്യാപകമായ എതിർപ്പ് പടരുകയാണ്. ഇന്ത്യൻ രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും പൊതുവായി ജനാധിപത്യവിരുദ്ധഫാസിസ്റ്റ് സ്വഭാവം പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ അതിനേക്കാൾ ആയിരമായിരം മടങ്ങ് വിഷം പൂണ്ട ഒരു വർഗീയ കാളകൂടമാണ് സംഘപരിവാരവും ബി.ജെ.പി.യും ഇന്ത്യൻ ജനതയുടെ തലയ്ക്കു മീതേഉയർത്തിപ്പിടിച്ചിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയാണ് സംഘപരിവാരത്തിന്റെ മുഖ്യപ്രതിയോഗി. അതാണ് അതിന്റെ ഹിറ്റ്ലർ - മുസോളിനി സ്വപ്നങ്ങളുടെ വഴിമുടക്കി. നരേന്ദ്ര മോഡി അലക്കിത്തേച്ച ഒരു കൈകൊണ്ട് അംബേദ്ക്കറുടെ സ്മാരകം അനാവരണം ചെയ്യുമ്പോൾ, മറ്റൊരു കരാളഹസ്തം കൊണ്ട് അംബേദ്കർ രൂപകൽപ്പന ചെയ്ത ഭരണഘടനയുടെയും, പ്രത്യേകിച്ച് അതിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം തുടങ്ങിയ ജനാധിപത്യ മൂല്യങ്ങളുടെയും വേരറുക്കുകയാണ്. ഈയിടെ സംഘപരിവാരത്തിന്റെ ഉന്നതാദ്ധ്യക്ഷൻ താനറിയാതെ ഹൃദയം തുറന്ന്, അധ:സ്ഥിതരുടെ സംവരണം അവസാനിപ്പിക്കാൻ കാലമായി എന്ന് പറഞ്ഞത് ഭരണഘടനയെപ്പറിയുള്ള ഈ ഫാസിസ്റ്റ് വിമ്മിട്ടത്തിന്റെ മുഖങ്ങളിലൊന്നാണ്. എല്ലാ രാഷ്ട്രീയ - സാമൂഹിക പ്രശ്നങ്ങളിലും സാഹിത്യ അക്കാദമി ഇടപെടേണ്ടതില്ല. പക്ഷേ എഴുത്തുകാരും ബുദ്ധിജീവികളും - അതും വയോവൃദ്ധന്മാർ - കൊല്ലപ്പെട്ടപ്പോൾ അക്കാദമി ദു:ഖത്തിന്റെയും എതിർപ്പിന്റെയും ശബ്ദം ഉടൻ ഉയർത്തേണ്ടതായിരുന്നു. അതേസമയം എഴുത്തുകാരുടെയിടയിലും വർഗീയ ഫാസിസത്തിനൊപ്പം നിർലജ്ജം അണിനിരക്കുന്നവർ എത്രപേർ! കേരളത്തിൽ തന്നെ എത്രയെത്ര പേർ!..... **(മംഗളം 13/10/2015)**

# ജുഡീഷ്യൽ നിയമന കമ്മീഷൻ: ഭരണഘടനാവിരുദ്ധം, ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റമെന്ന് സുപ്രീംകോടതി

ഉന്നത നീതിപീഠങ്ങളിലെ ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ നിയമം ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി. കൊളീജിയം സംവിധാനത്തിന് പകരം ജുഡീഷ്യൽ നിയമന കമ്മീഷൻ വഴിയൊരുക്കിയുള്ള ഭരണഘടനയുടെ 99-ാം ഭേദഗതിയും ചരിത്ര വിധിയിലൂടെ ദദ്ദാക്കി. സർക്കാറിന്റെ പ്രതിനിധികൾ ഉൾപ്പെട്ട പുതിയ സംവിധാനം ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റമാണെന്നും കോടതി അഭിപ്രായപ്പെട്ടു. **(മാതൃഭൂമി 17/10/15)**

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ തലവരിപ്പണവും സംഭാവനയും വാങ്ങരുത്: സി.ബി.സി.ഐ

**ന്യൂഡൽഹി:** മതനിരപേക്ഷതയ്ക്കും മാനവിക മൂല്യങ്ങൾക്കും സമഗ്ര വളർച്ചയ്ക്കും ഊന്നൽ നൽകുന്നതാവണം പുതിയ ദേശീയ വിദ്യാഭ്യാസ നയമെന്നു അഖിലേന്ത്യ കത്തോലിക്കാ മെത്രാൻ സമിതി (സി.ബി.സി.ഐ). തലവരിപ്പണവും സംഭാവനയും വാങ്ങാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുവദിക്കരുത്. സ്ഥാപനത്തിന്റെ നടത്തിപ്പു ചെലവും വികസനാവശ്യങ്ങളും കണക്കിലെടുക്കുള്ള ന്യായമായ ഫീസ് മാത്രമേ അനുവദിക്കാവൂ. കേന്ദ്ര സർക്കാർ പുതിയ വിദ്യാഭ്യാസ നയം തയാറാക്കുന്ന പശ്ചാത്തലത്തിലാണു സി.ബി.സി.ഐ നിലപാടു വ്യക്തമാക്കിയത്.... **(മനോരമ 18/10/2015)**

## അസഹിഷ്ണുത്ക്കെതിരെ രാഷ്ട്രപതിയുടെ താക്കീത് വീണ്ടും

**ബംഗാൾ:** മനുഷ്യത്വവും ബഹുസ്വരതയുമാണ് ഇന്ത്യയുടെ ദേശീയതയുടെ ആത്മാവ് എന്നും ഏതു സാഹചര്യത്തിലും ഇതിനു മാറ്റമുണ്ടാകരുതെന്നും രാഷ്ട്രപതി പ്രണബ് മുഖർജി. രാജ്യത്ത് അസഹിഷ്ണുതയുടെ വിത്തു പാകുന്ന സംഭവങ്ങൾ അരങ്ങേറുന്നതിൽ ആശങ്ക പ്രകടിപ്പിച്ച അദ്ദേഹം ശക്തമായ ഇടപെടലുകൾ അനിവാര്യമാണെന്നും നാനാത്വത്തിലെ ഏകത്വം നഷ്ടപ്പെടുത്തരുത് എന്നും അഭ്യർഥിച്ചു. എല്ലാ സംസ്കാരങ്ങളെയും സ്വാംശീകരിക്കുന്നതാണ് ഇന്ത്യൻ സമൂഹത്തിന്റെ പ്രധാനപ്രത്യേകത, സമീപകാലത്തുണ്ടായ സംഭവവികാസങ്ങൾ സഹിഷ്ണുതയ്ക്കും സ്വീകാര്യതയ്ക്കും ക്ഷയമുണ്ടാക്കുന്നതാണ്. നമ്മുടെ കൂട്ടായ ഇടപെടലിലൂടെ ദുശ്ചിന്തകളെ സമൂഹത്തിൽനിന്ന് ആട്ടിപ്പായിക്കണം..... **(മനോരമ 20/10/2015)**

## ആത്മഹത്യകളുടെ തലസ്ഥാനമാകുന്ന കേരളനാട്

ഓരോ ആത്മഹത്യക്കും പിന്നിൽ മാനസിക ചുറ്റുപാടുമായി ബന്ധപ്പെട്ട ഉത്തരമുണ്ടാകും. പലപ്പോഴും ഒന്നിലധികം കാരണങ്ങൾ സൃഷ്ടിച്ച കയത്തിലകപ്പെട്ടാകും ആത്മഹത്യയിലേക്കു നയിച്ചത്. ദൈവത്തിന്റെ സ്വന്തം കേരളനാടിനു സ്വന്തം പൗരന്മാരുടെ ആത്മഹത്യകൾ, വികസനമാതൃകയിലെ കറുത്ത ഏടായി മാറ്റിനിർത്തേണ്ടിവരും. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ കേവലം 2.8 ശതമാനം ഉൾക്കൊള്ളുന്ന മലയാളനാട്. രാജ്യത്തെ മൊത്തം ആത്മഹത്യകളുടെ 6.4 ശതമാനം ഉൾക്കൊള്ളുന്നു. (നാഷണൽ ക്രൈം റെക്കോർഡസ് ബ്യൂറോ 2014) അതായത് ആത്മഹത്യകളുടെ എണ്ണത്തിൽ ഏഴാം സ്ഥാനം..... **(സുപ്രഭാതം 20/10/2015)**

## കലാലയങ്ങളിൽ വാഹനങ്ങൾക്ക് കർശന നിയന്ത്രണം വേണം: ഹൈക്കോടതി

**കൊച്ചി:** എല്ലാ കലാലയങ്ങളലിലും വിദ്യാർഥികളുടെ വാഹനങ്ങൾക്ക് കർശന നിയന്ത്രണം വേണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. പാർക്കിങ് ഏരിയയുടെ പരിധി ലംഘിച്ച് വാഹനം കയറ്റുന്ന വിദ്യാർഥികൾക്ക് പിഴയിടുകയോ അവരുടെ വാഹനം പിടിച്ചെടുക്കുകയോ ചെയ്യാമെന്നാണ് ജസ്റ്റിസ് വി.ചിദംബരേഷ് വ്യക്തമാക്കിയിട്ടുള്ളത്. ആഘോഷങ്ങൾ പണക്കൊഴുപ്പ് പ്രദർശിപ്പിക്കാനുള്ള വേദിയാക്കരുത്. കോളേജും ഹോസ്റ്റലും വിദ്യാർഥികളുടെ ആർഭാടം കാട്ടാനുള്ള സ്ഥലമാക്കരുതെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. അച്ചടക്കമാണ് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിത്തറയെന്ന് കലാലയ രാഷ്ട്രീയം സംബന്ധിച്ച സോജൻ ഫ്രാൻസിസ് കേസിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നേരത്തെ പറഞ്ഞിട്ടുണ്ടെന്ന് കോടതി ഓർമിപ്പിച്ചു. .... (മാതൃഭൂമി 24/10/2015)

## വിവാദ ഫെയ്സ്ബുക്ക് പോസ്റ്റ്: യുവാവിനെതിരെ കേസെടുത്തു

**പേരാവൂർ(കണ്ണൂർ):** പരിശുദ്ധ കന്യകാമറിയത്തിന്റെ ചിത്രത്തിൽ സരിത നായരുടെ മുഖം ചേർത്തു ഫെയ്സ്ബുക്കിലിട്ടതിനു പേരാവൂർ പൊലീസ് കേസെടുത്തു. ആരോപിതനായ അരുണിനെ പാർട്ടിയും ഡി.വൈ.എഫ്ഐയും തള്ളിപ്പറഞ്ഞതിനു തൊട്ടുപിന്നാലെ 22ന് ആണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. 295(എ) പ്രകാരമാണ് കേസ്. പേരാവൂർ പൊലീസും സൈബർസെല്ലും അന്വേഷണം തുടരുകയാണ്. **(മനോരമ 24/10/2015)**

## ദാദ്രി സംഭവം ആസൂത്രിതമെന്ന് ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ട്

**ന്യൂഡൽഹി:** പശുവിറച്ചി കഴിച്ചെന്നാരോപിച്ച് ഉത്തർപ്രദേശിലെ ദാദ്രിയിൽ ഗൃഹനാഥനെ കൊലപ്പെടുത്തിയ സംഭവം ആസൂത്രിതമായി നടപ്പാക്കിയതാണെന്ന് സ്ഥലം സന്ദർശിച്ച കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ട്. സാമുദായിക സൗഹാർദം തകർക്കുംവിധം രാഷ്ട്രീയ നേതാക്കൾ നടത്തിയ വിവാദപ്രസ്താവനകളാണ് ദാദ്രി സംഭവത്തിന് പിന്നിലെന്ന് സ്ഥലം സന്ദർശിച്ച കമ്മീഷൻ അധ്യക്ഷൻ നസീം അഹമദ് വ്യക്തമാക്കി. **(മാതൃഭൂമി 22/10/15)**

## ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എന്നാണ് നാം എത്തിച്ചേരുക?

ജാതിയുടെ പേരിൽ മനുഷ്യർ മനുഷ്യരെ ചുട്ടുകൊല്ലുകയും അങ്ങനെ ചുട്ടുകൊല്ലുന്നതിനെ നാക്കുപിഴയെന്നോണം ന്യായീകരിക്കുന്ന മന്ത്രിമാർ ഭരിക്കുകയും ചെയ്യുന്ന രാജ്യം ഏതുനൂറ്റാണ്ടിലായിരിക്കും ജീവിക്കുന്നത്? യാതൊരു സംശയവുമില്ല., അതേതായാലും 21-ാം നൂറ്റാണ്ടിലല്ല. നമ്മുടെ ഭരണഘടന അതിന്റെ ആമുഖത്തിൽ തെളിഞ്ഞ ഭാഷയിൽത്തന്നെ ആലേഖനം ചെയ്തിട്ടുള്ളത് നാമൊരു സ്വതന്ത്ര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ രാഷ്ട്രമാണെന്നാണ്. എല്ലാ പൗരന്മാർക്കും അത് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും ആവിഷ്ക്കാരത്തിനും വിശ്വാസത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും അന്തസ്സിനും അവസരത്തിനുമുള്ള തുല്യതയും വാഗ്ദാനംചെയ്യുന്നുമുണ്ട്. 1949 നവംബർ 26-ന് ഭരണഘടനാ അസംബ്ലി അംഗീകരിച്ച ഈ തത്ത്വങ്ങൾ 1950 ജനുവരി 26 മുതൽ രാജ്യത്ത് നിലവിൽവന്നു എന്നാണ് സങ്കല്പം. എന്നാൽ, ആ സങ്കല്പത്തിൽ നിന്ന രാജ്യം എത്ര വിദൂരത്താണ് നിലകൊള്ളുന്നതെന്ന് തെളിയിക്കുന്നു ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ. രാജ്യത്ത് ദളിത് സമുദായങ്ങൾക്കെതിരെയുള്ള അക്രമങ്ങളുടെ എണ്ണം കുതിച്ചുയരുകയാണ്. കീഴ്ജാതിക്കാരെ അക്രമിച്ചതുമായി ബന്ധപ്പെട്ട് 47,064 കേസാണ് കഴിഞ്ഞ ഒരു വർഷം മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ദളിത് കുടുംബങ്ങളെ ഒറ്റയ്ക്കും കൂട്ടമായും ചുട്ടുകൊല്ലുന്നത് പൂർവാധികം ശക്തിയോടെ തുടരുന്ന രാജ്യത്ത് ഇത്രയും കേസുകൾ എടുക്കപ്പെട്ടതുതന്നെ മഹാദ്ഭുതമാണ്. **(മാതൃഭൂമി 2510/2015)**

## ദളിതർക്കെതിരെയുള്ള അക്രമങ്ങളിൽ വർധന

### ആശ്രിതത്വമുപേക്ഷിക്കുന്നത് പ്രധാന കാരണം

**ന്യൂഡൽഹി:** രാജ്യത്ത് ദളിത് സമുദായങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ കുതിച്ചുയർന്നതായി റിപ്പോർട്ട്. കീഴ്ജാതിക്കാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട 47064 കേസുകളാണ് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തതെന്ന് ദേശീയ കണക്കുകൾ പറയുന്നു.

2012-ൽ ഇത് 33655 ആയിരുന്നു.2013-ൽ 39408-ഉം-വർധന 19 ശതമാനം. ജാതിതിരിഞ്ഞുള്ള ആക്രമങ്ങളിൽ ഏറ്റവുമധികം വർധന ഹരിയാണയിലാണ്. പത്തു വർഷത്തിനിടെ 217 ശതമാനമാണ് വർധന. മഹാരാഷ്ട്രയും പിന്നിലല്ല. ബിഹാറും ഉത്തർപ്രദേശും ഏതാണ്ട് ഒപ്പത്തിനൊപ്പമാണ്. **(മാതൃഭൂമി 24/10/2015)**

## മുസ്ലിം സ്ത്രീകൾ നേരിടുന്ന ലിംഗവിവേചനം സുപ്രീംകോടതി കേസെടുത്തു

വിവാഹമോചനം, ബഹുഭാര്യത്വം എന്നിവ വിവേചനമാണോ എന്നു കോടതി പരിശോധിക്കും. വിവാഹ മോചനവും ബഹുഭാര്യത്വവുമുൾപ്പെടെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്തെ മുസ്ലീം സ്ത്രീകൾ അനുഭവിക്കുന്ന ലിംഗ വിവേചനം പരിശോധിക്കാനായി സുപ്രീം കോടതി സ്വമേധയാ കേസെടുത്തു. **(ജനയുഗം 26/10/2015)**

## ജാതിക്കെതിരെ എഴുതിയ ദളിതനെ ആക്രമിച്ചു

**ബംഗളൂരു:** ഹരിയാനയിലെ ദളിത് വിഭാഗങ്ങൾക്കു നേരേയുള്ള ആക്രമണങ്ങൾക്കു പിന്നാലെ കർണാടകയിൽ ദളിത് യുവാവിനെ ഒരു സംഘം ആക്രമിച്ചു. മധ്യകർണാടകയിലെ ദേവനാഗരിയിലാണു സംഭവം. മാധ്യമവിദ്യാർഥിയും യുവ എഴുത്തുകാരനുമായ ഹുചാംഗി പ്രസാദിനു നേരേയാണ് ആക്രമണമുണ്ടായത്. ഹിന്ദുവിരുദ്ധ രചനകൾ നടത്തുവെന്ന് ആരോപിച്ചാണു പത്തോളം പേരുടെ സംഘം യുവാവിനെ മർദിച്ചത്. രചന തുടർന്നാൽ വിരൽ മുറിച്ചുകളയുമെന്നും സംഘം യുവാവിനെ ഭീഷണിപ്പെടുത്തി. അക്രമിസംഘം മുഖത്തു കുങ്കുമം പൂശിയെന്നും യുവാവ് പോലീസിനു നല്കിയ പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജാതിവ്യവസ്ഥയ്ക്കെതിരേ ഹുചാംഗി എഴുതിയ ഒഡാല കിച്ചു എന്ന പുസ്തകം ഏറെ ശ്രദ്ധ നേടിയിരുന്നു. **(ദീപിക 24/10/2015)**

## അപകടകാരികളായ തെരുവുനായ്ക്കളെ കൊല്ലാം: സുപ്രീംകോടതി

## നിയമം കർശനമായി പാലിക്കണം

**ന്യൂഡൽഹി:** അപകടകാരികളും പേയുള്ളതുമായ നായ്ക്കളെ കൊല്ലാമെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു.

എന്നാൽ തെരുവുനായ്ക്കളെ കൂട്ടത്തോടെ കൊന്നൊടുക്കുന്നതിനോട് യോജിപ്പില്ലെന്ന് ജസ്റ്റിസ് ദീപക് മിശ്രയുടെ ആധ്യക്ഷതയിലുള്ള ബെഞ്ച് അഭിപ്രായപ്പെട്ടു. അപകടകാരികളായ നായ്ക്കളെ കൊല്ലാൻ അനുമതി നൽകിയ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യവും കോടതി നിരസിച്ചു.**(മാതൃഭൂമി 27/10/2015)**

## വർഗീയ സംഘർഷം തടയണമെന്ന് നാവിക സേനാ മുൻ മേധാവി എൽ. രാംദാസ് - രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും തുറന്ന കത്ത്

**ന്യൂഡൽഹി:** വർഗീയ സംഘർഷങ്ങൾക്ക് അറുതി വരുത്തണമെന്ന് ആവശ്യപ്പെട്ടു രാഷ്ട്രപതി പ്രണബ് മുഖർജിക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും നാവികസേനാ മുൻ മേധാവി അഡ്മിറൽ എൽ. രാംദാസിന്റെ തുറന്ന കത്ത്. എന്റെ സഹപൗരന്മാരുടെ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗക്കാരുടെയും ദലിതരുടെയും മേൽ നടക്കുന്ന ആക്രമണ പരമ്പരയ്ക്കു സാക്ഷിയാകേണ്ടിവന്നു. എൺപതുകളിലെത്തിയ മുൻ സൈനികനായ എനിക്കു നാണക്കേടുകൊണ്ടു തല കുനിക്കേണ്ടിവന്നിരിക്കുകയാണ്. **(മനോരമ 26/10/2015)**

# ദളിതനായി ജനിച്ചാൽ.....

ഓരോ 18 മിനിട്ടിലും ജാതിഭേദത്തിന്റെ ഭാഗമായി ഒരു ദളിതൻ ക്രൂരമായി കൈയേറ്റം ചെയ്യപ്പെടുന്ന രാജ്യമാണ് ഇന്ത്യയെന്ന് സർക്കാറിന്റെ തന്നെ പഠന റിപ്പോർട്ട്. ദിവസം മൂന്ന് ദളിത് സ്ത്രീകളെങ്കിലും ബലാത്സംഗത്തിന് വിധേയരാകുന്നു. പ്രതിദിനം ദളിതർക്കു നേരെ ശരാശരി 27 അതിക്രമവും റിപ്പോർട്ട് ചെയ്യുന്നു. ഒരോ ആഴ്ചയിലും ആറ് ദളിതരെ തട്ടിക്കൊണ്ടു പോകുന്നു. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ വൻതോതിൽ തൊട്ടുകൂടായ്മ നിലനിൽക്കുന്നുണ്ട്. 38 ശതമാനം സ്കൂളുകളിൽ ജാതിവിവേചനമുണ്ട് 27 ശതമാനം (ദളിത്) ജനതക്ക് പൊലീസ് സ്റ്റേഷനിലും 26 ശതമാനംപേർക്ക് റേഷൻ കടകളിലും കയറാൻ സ്വാതന്ത്ര്യമില്ല. 2011 ലെ സെൻസസ് പ്രകാരം ഗുജറാത്തിൽ 2000ത്തിലേറെ കുടുംബങ്ങൾ തോട്ടപ്പണിയിലേർപ്പെട്ടിരിക്കുന്നു. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽസയൻസ് നടത്തിയ കണക്കെടുപ്പ് വ്യക്തമാക്കുന്നത് ഗുജറാത്തിൽ 12,000 തോട്ടപ്പണിക്കാരുണ്ടെന്നാണ്.

ഉത്തരേന്ത്യയിലെ ഉൾഗ്രാമങ്ങളിൽ പുറം ലോകമറിയാത്ത ആഭാസ–ആചാരങ്ങൾ ഒട്ടേറെയുണ്ടെന്ന് വർത്തമാന കാലസംഭവങ്ങൾ ഇപ്പോൾ ഒന്നിടവിട്ട ദിവസങ്ങളിൽ നമ്മെ ഓർമപ്പെടുത്തുന്നു. സവർണ പേക്കൂത്തിന്റെ ഏറ്റവും വലിയ മാതൃകകളായി നമുക്ക് മുന്നിൽ തെളിയുന്ന ഇത്തരം കാര്യങ്ങളെ ന്യായീകരിക്കുന്നവർ ഭരണകൂടത്തിലും സമൂഹത്തിലും ഒന്നിനു പിറകേ ഒന്നൊന്നായി മുളച്ചു പൊന്തുന്നതും പതിവനുഭവമായി മന:സാക്ഷിയെ പൊള്ളിക്കുന്നു. ജാത്യാചാരങ്ങൾ മൂലമുള്ള അസമത്വങ്ങൾ പൂർണമായി ഇല്ലാതായെന്നഭിമാനിക്കുകയോ അല്ലെങ്കിൽ അങ്ങനെ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഒരു രാജ്യത്ത് വീണ്ടും വീണ്ടും അതി കഠിനമായ രീതിയിൽ വർണ വ്യത്യാസങ്ങൾ വലിയ സാമൂഹിക പ്രശ്നമായി മാറുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ ജനം അന്തം വിട്ടു നിൽക്കുന്നു. വർണവ്യത്യാസത്തിന്റെ പേരിൽ പാശ്ചാത്യ നാടുകളിൽ കലാപമുണ്ടാകുമ്പോൾ ആർഷ ഭാരത സംസ്കാരം ചൂണ്ടിക്കാട്ടി ഇങ്ങോട്ടു നോക്കുകയെന്ന അഭിമാനത്തോടെ പറഞ്ഞവർക്ക് ഇപ്പോഴെന്തു പറ്റിയെന്ന് മറ്റുള്ളവർ ആരായുമ്പോൾ കാലങ്ങളായി ആർഷ ഭാരതത്തിന്റെ പേരിൽ മൂടിവെച്ചമുഖത്തെ കാപട്യമാണ് അഴിഞ്ഞു വീഴുന്നത്. **(മാധ്യമം 27/10/2015)**

# ജനങ്ങളുടെ വയറ്റത്തടിക്കുന്ന വിലക്കയറ്റം

അവശ്യസാധനങ്ങളുടെ വിലക്കയറ്റം മൂലം ഏറ്റവും കൂടുതൽ ആഘാതമേൽക്കുന്നതു പാവപ്പെട്ടവർക്കാണ്. ഉള്ളിക്കും പരിപ്പിനും പയർവർഗ്ഗങ്ങൾക്കുമൊക്കെ വില കുതിച്ചുകയറുമ്പോൾ രാജ്യത്തെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും അടുക്കള പാടേ ദരിദ്രമാവും. രാജ്യം ഇപ്പോൾ ഈ അവസ്ഥയിലാണ്. ഇന്ത്യൻ ജനതയുടെ അനുദിന ഭക്ഷണത്തിന്റെ അവിഭാജ്യം ഘടകങ്ങളാണു പരിപ്പും പയർവർഗങ്ങളും. സസ്യഭുക്കുകൾക്കു പ്രോട്ടീനും ഇതര പോഷകങ്ങളും ലഭിക്കുന്നതു മുഖ്യമായും ഈ ഭക്ഷ്യവസ്തുക്കളിലൂടെയാണ്. അതുകൊണ്ടുതന്നെ ഈ അടിസ്ഥാന ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യവും വിലക്കയറ്റവും അവരുടെ ജീവിതത്തെത്തന്നെ ബാധിക്കും. ഇത്തവണയാകട്ടെ ഇവയുടെ വിലക്കയറ്റം മുമ്പെങ്ങുമില്ലാത്ത വിധമാണ്. **(ദീപിക 28/10/2015)**

# ഹ്രസ്വ ചിത്രത്തിൽ ബീഫ് എന്ന വാക്ക്; കേന്ദ്രസർക്കാർ പ്രദർശനം നിഷേധിച്ചു

**ന്യൂഡൽഹി:** ഇരുപത്തിയൊന്നു മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വ ചിത്രത്തിൽ ബീഫ് എന്ന ഒരു വാക്ക് കടന്നുകൂടിയെന്നു ചൂണ്ടിക്കാട്ടി കേന്ദ്ര വാർത്താവിതരണ മന്ത്രാലയം പ്രദർശനം തടഞ്ഞു. രാജ്യത്തെ തന്നെ പ്രശസ്തമായ ഹ്രസ്വചിത്രമേളയായ ജീവിക ഏഷ്യ ലൈവ്‌ലിഹുഡ് ഡോക്യുമെന്ററി ഫെസ്റ്റിവലിൽ ഡൽഹിയിൽ പ്രദർശിപ്പിക്കാനിരിക്കെയാണു 'കാസ്റ്റ് ഓൺ ദി മെനു കാർഡ്' എന്ന ചിത്രത്തിനു കേന്ദ്രമന്ത്രാലയം അനുമതി നിഷേധിച്ചത്. രാജ്യത്തു ബീഫ് വിവാദം കൊടുമ്പിരിക്കൊള്ളുന്നതിനു മുമ്പും മഹാരാഷ്ട്രയിൽ ബീഫ് നിരോധനം ഏർപ്പെടുത്തുന്നതിനു മുമ്പും കഴിഞ്ഞ വർഷം ചിത്രീകരിച്ച ചിത്രത്തിനാണ് ഇപ്പോൾ കേന്ദ്രസർക്കാർ പ്രദർശനാനുമതി നിഷേധിച്ചിരിക്കുന്നത്. **(ദീപിക 31/10/2015)**

# മാനുഷികതയുടെ പഞ്ചായത്തുകൾ ഉണ്ടാകട്ടെ

നമ്മുടെ നാട്ടിൽ അന്ധകാരം വ്യാപിക്കുന്നു എന്ന വല്ലാത്ത ആശങ്കയുടെ അവസ്ഥയുണ്ട്. നന്മയുടെ ദൈവങ്ങൾ ഓടി മറയുകയാണ് എന്ന അങ്കലാപ്പ് നമ്മുടെ ഭൂമി കുത്തിക്കവരുന്ന സ്ഥിതിയുണ്ട്. വെള്ളവും വായുവും നിരന്തരമായി മലിനമാകുന്നു. മാത്രമല്ല നമ്മുടെ സാമൂഹികാന്തരീക്ഷത്തിൽ വൈരവും പരസ്പരസ്പർധയും സാംക്രമിക രോഗങ്ങളായി പടരുന്നു. വലിയ നേതാക്കൾ വളരെ ഹീനമായ നടപടികൾക്കും വൈരത്തിന്റെ പ്രചരണങ്ങൾക്കും ഇടനൽകുകയും അപകടകരമായ മൗനം പുലർത്തുകയും ചെയ്യുന്നു.

ഒരാളെ തല്ലിക്കൊന്ന വാർത്ത കണ്ട് ആസ്വദിക്കുന്ന വല്ലാത്ത ലാഘവബോധവും യുദ്ധം വെടിക്കെട്ടായി കാണുന്ന വല്ലാത്ത മരവിപ്പും നമ്മെ ബാധിക്കുകയാണ്. അങ്ങനെ വരുമ്പോൾ മനുഷ്യാത്മാവിൽ ഇരുട്ടുകയറുകയാണ്. സ്പർധയും പരദൂഷണവും ഏഷണിയും വർധിക്കുമ്പോൾ സമൂഹങ്ങൾ വ്യക്തികളാകാതെ ഉത്തരവാദിത്തരഹിതമായ ആൾക്കൂട്ടമായി പരിണമിക്കുന്നു. **(ഫാ. പോൾ തേലക്കാട്ട്, മാധ്യമം 27/10/2015)**

# അസഹിഷ്ണുതയ്ക്കെതിരെ ഇടപെടണം: രാഷ്ട്രപതിയോട് ശാസ്ത്രജ്ഞർ

**ചെന്നൈ:** രാജ്യത്തു വർധിച്ചു വരുന്ന അസഹിഷ്ണുതയ്ക്കെതിരെ ഇടപെടൽ ആവശ്യപ്പെട്ടു രാഷ്ട്രപതി പ്രണബ് മുഖർജിക്ക് ഒരു സംഘം ശാസ്ത്രജ്ഞൻമാരുടെ കത്ത്. അപരിഷ്കൃതവും മാനുഷിക മൂല്യങ്ങൾക്കു നിരക്കാത്തതുമായ പ്രവർത്തനങ്ങൾ തടയണമെന്നാണ് ആവശ്യം. പൂണെ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോഫിസിക്സ് മുൻ ഡയറക്ടർ നാരേഷ് ഡാഡിച്, ഇവൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്കൽ സയൻസിലെ ജി. രാജശേഖരൻ തുടങ്ങിയവരുൾപ്പെടെയുള്ള ശാസ്ത്രജ്ഞ സംഘമാണു രാഷ്ട്രപതിക്കു പരാതി അയച്ചത്. **(മനോരമ 28/10/2015)**

# കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ
# പി.ഒ.സി. പാലാരിവട്ടം

## നേതൃത്വസംഗമം (St. Paul's Hall) 2015 ഒക്ടോബർ 17 10.00 am

### കാര്യപരിപാടി

| | | | |
|---|---|---|---|
| 09.30 | രജിസ്ട്രേഷൻ | : | |
| 10.00 | ഈശ്വരപ്രാർത്ഥന | : | |
| 10.05 | സ്വാഗതം | : | **റവ. ഫാ. സാജു സി.എസ്.റ്റി** (സെക്രട്ടറി, കെ.സി.ബി.സി ജാഗ്രതാകമ്മീഷൻ) |
| | ഉദ്ഘാടനം | : | **ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**<br>(കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ ചെയർമാൻ) |
| | അനുഗ്രഹപ്രഭാഷണം | : | **റവ. ഫാ. ജോർജ് കുരുക്കൂർ**<br>(അസിസ്റ്റന്റ് ഡയറക്ടർ, പി.ഒ.സി; ചീഫ് എഡിറ്റർ, പി.ഒ.സി) |
| | ആശംസപ്രസംഗം | : | **ശ്രീ. ഷാജി ജോർജ്** (കെ.സി.എഫ്, പ്രസിഡന്റ്) |
| | പരിചയപ്പെടൽ | : | |
| | മോഡറേറ്റർ | : | **റവ. ഫാ. കോശി ചിറക്കരോട്ട്**<br>(ഐക്യജാഗ്രതാ കമ്മീഷൻ തിരുവനന്തപുരം സോണൽ ഡയറക്ടർ) |
| | വിഷയാവതരണം | : | |
| | (15 മിനിറ്റ് വീതം) | : | **1. അഡ്വ. വി. വി. ജോഷി** (സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം)<br>- സഭയും സമൂഹവും നേരിടുന്ന കാലിക പ്രശ്നങ്ങളും പ്രതിവിധികളും |
| | ചർച്ച (10 മിനിറ്റ്) | | |
| | | : | **2. ശ്രീ. ജോഷി വടക്കൻ**<br>(കെ.സി.ബി.സി. അധ്യാപക ഗിൽഡ് സംസ്ഥാന പ്രസിഡന്റ്)<br>- വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളും പ്രതിവിധികളും |
| | ചർച്ച (10 മിനിറ്റ്) | | |
| | | : | **3. അഡ്വ. ഷെറി ജെ. തോമസ്**<br>(വരാപ്പുഴ അതിരൂപത പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി)<br>- സമരത്തിന്റെ പുതിയ മുഖങ്ങളും പാഠങ്ങളും |
| | ചർച്ച (10 മിനിറ്റ്) | | |
| | | : | **4. ശ്രീ. സിജോ പൈനാടത്ത്**<br>(എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)<br>- സഭയും രാഷ്ടീയവും കേരളത്തിന്റെ പശ്ചാത്തലത്തിൽ |
| | ചർച്ച (10 മിനിറ്റ്) | | |
| 01.00 | ഉച്ചഭക്ഷണം | : | |
| 01.45 | പൊതുചർച്ച | : | |
| | മോഡറേറ്റർ | : | **റവ. ഫാ. മാത്യൂ ചന്ദ്രൻകുന്നേൽ**<br>(ഐക്യജാഗ്രതാ കമ്മീഷൻ കോട്ടയം സോണൽ ഡയറക്ടർ) |
| 02.40 | സമാപന സന്ദേശം | : | **റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**<br>(ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി ഡയറക്ടർ, പി.ഒ.സി) |
| 02.50 | നന്ദി പ്രകാശനം | : | **ശ്രീ. സാബു ജോസ്** (എറണാകുളം) |

# കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ
## നേതൃത്വസംഗമത്തിൽ പങ്കെടുത്തവർ 2015 ഒക്ടബർ 17

1. Bp. Joshua Mar Ignathius .................... Chairman
2. Rev. Fr. Varghese Vallikkat .......................... POC
3. Fr. George Kurukoor ................................... POC
4. Fr.Jolly Vadakkan ........................................ POC
5. Fr. Jose Kottayil .......................................... POC
6. Fr. Saju K CST ............................................ POC
7. Adv. V.V. Joshy ................................. Ernakulam (Minority Commission Member)
8. Sijo Pynadath ..................................... Ernakulam
9. Adv. Sherry J Thomas .......................... Verapoly
10. Joshy Vadakkan ....................................... Trichur
11 Shaji George ....................................... Varapuzha
12. Fr. Koshy Chirakkarattu ............... Trivandrum(M)
13. Fr. Mathew Chandrankunnel ......................... Pala
14. Sabu Jose .......................................... Ernakulam
15. Fr. Mathew Kuzhimalayil .......................... Kannur
16. Saji john ............................................ Mavelikara
17. Fr. John Vaipil .................................... Mavelikara
18. Fr. Thomas Chaprath .............................. Bathery
19. V.K. Joseph .......................................... Kottayam
20. Robert.D ................................................ Punalur
21. Fr. Geo Kadavi ........................................ Trichur
22. Suresh Varghese .................................. Thiruvalla
23. Ani Earil ................................................ Thiruvalla
24. Abraham.J .................................... Trivandrum(L)
25. Francis Abraham .......................... Trivandrum(M)
26. Augustine Kanippilly ...................... Trivandrum(L)
27. T.J. Martin Thachil ....................... Thamarassery
28. Saji Vaikathuparambil ................................ Idukki
29. Adv. Manoj M. Kandathil .................. Thalassery
30. Johny Thomas Vadakkekara ............ Thalasserry
31. Sr. Maria lekha. AC ................................. Kannur
32. Prexy Raphael .............................. Trivandrum(L)
33. George Chiramel .................................... Thrichur
34. Thomas Mathew .................................... Thrichur
35. Fr. Abraham Palathinkal ....................... Palakkad
36. Sr. Sudeepa ......................................... Ernakulam
37. Sr. Arpitha CMC ................................ Ernakulam
38. Sr. Lilly Rose SJSM ........................... Ernakulam
39. Fr. Justin Lawrence ................................ Punalur
40. Fr. Joseph Panakkezham ............. Chagnasserry
41. Henry John ....................................... Vijaypuram
42. Dr. Chakochan J Njavallel .............. Kanjirappally
43. N.T. Jacob Njorakkada ................. Muvattupuzha
44. Litty Dominic Kunnappallil ............ Thamarassery
45. Joji Jacob .............................................. Aleppey
46. Eji Parappattu ....................................... Thiruvalla
47. Jiji Jolly ............................................... Alappuzha
48. Fr. Milton Kalapurackal ........................ Alappuzha
49. Laiju Jacob .......................................... Alappuzha
50. Fr. Antony Vibin .................................... Verapoly
51. Valakom John ...................................... Thiruvalla
52. Sooraj. K.Mathew ............................ Kanjirappally
53. Jaison Mathew ................................ Kanjirappally
54. Fr. Rockey Roby Kalathil ................. Kottappuram
55. Fr. Roopesh Michael Kalathil ........... Kottappuram
56. Antony Noronha ....................................... Kannur
57. Adv. Josey Xavier .................................... Cochin
58. Laly Jerome Perira .......................... Kottappuram
59. Prof. J. C. Madappatt ................... Chagnasserry
60. Fr. Binoy SJ ........................................ Ernakulam
61. Dr.Vincent Panikulangara .................... Ernakulam
62. Adv. Aji. R ............................................... Punalur
63. Fr. George Rebeiro ................................... Quilon
64. K.G. Mathai ........................................... Verapoly
65. Fr. Philip Najarclakatt ................................... Pala
66. Babu John P ....................................... Ernakulam

# കെ.സി.ബി.സി ഐക്യജാഗ്രതാകമ്മീഷന്റെ
## ജനറൽബോഡിമീറ്റിംഗിൽ ചർച്ച ചെയ്ത വിഷയങ്ങൾ

1. ഐക്യജാഗ്രതാകമ്മീഷന്റെ പ്രവർത്തനങ്ങൾ (Central, Zonal, Diocesan levels) കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത (കെ.സി.ബി.സി.യുടെ നിർദ്ദേശങ്ങൾ)
2. സമുദായിക സൗഹാർദം – തദ്ദേശ സ്വയംഭരണസ്ഥാപനത്തിലേക്കുള്ള തിരഞ്ഞെടുപ്പ് –
3. സാംസ്കാരിക തീവ്രവാദ –ഭീകരവാദപ്രശ്നങ്ങൾ – (ഗോമാംസം, തെരുവുനായ്, പുസ്തകപ്രകാശനം, അവാർഡുകൾ തിരച്ചേൽപ്പിക്കൽ etc.)
4. ഗർഭച്ഛിദ്ര ബിൽ, ദത്തെടുക്കൽ നിയമങ്ങൾ
5. കുടുംബസിനഡ് – ലൗദാത്തോസി, കാരുണ്യവർഷം
6. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളും പ്രതിവിധികളും
7. സമരത്തിന്റെ പുതിയ മുഖങ്ങളും പാഠങ്ങളും
   (മൂന്നാർ, വിഴിഞ്ഞം, പട്ടയവിതരണം, കസ്തൂരിരംഗൻ, ക്രഷർ–ക്വാറി യൂണിറ്റുകളുടെ പ്രവർത്തനം, മണൽ ഖനനം ലരേ.)
8. സഭയും രാഷ്ടീയവും കേരളത്തിന്റെ പശ്ചാത്തലത്തിൽ
9. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ





# കാഞ്ഞിരപ്പള്ളി രൂപതയുടെ പബ്ലിക് റിലേഷൻസ് കമ്മീഷന്റെ കർമ്മപരിപാടികളും പ്രവർത്തന ശൈലികളും

**റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**

1. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന പി. ആർ. കമ്മീഷൻ, പി.ആർ പ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നല്കി വരുന്നു.
2. മൂന്ന് വൈദികരും രണ്ട് അല്മായരുമടങ്ങിയ പി. ആർ കമ്മീഷനാണ് നിലവിലുള്ളത്. റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേലാണ് രൂപതാ പി. ആർ.ഒ. റവ. ഡോ. കുര്യൻ താമരശ്ശേരി, റവ. ഫാ. ജോസഫ് മുണ്ടക്കൽ, ഷെവി. അഡ്വ. വി.സി. സെബാസ്റ്റ്യൻ, ശ്രീ. റെജി ജോസഫ് എന്നിവരാണ് കമ്മീഷന്റെ മറ്റംഗങ്ങൾ
3. അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെയും വിവിധ അജപാലന-സാമൂഹികക്ഷേമ വിഭാഗങ്ങളുടെയും പ്രസ് കോൺഫ്രൻസുകളും പ്രസ്സ് റിലീസുകളും ആവശ്യാനുസരണം മാധ്യമങ്ങൾക്കു നല്കുവാനും, മാധ്യമങ്ങളും -മാധ്യമപ്രവർത്തകരും കാഞ്ഞിരപ്പള്ളി രൂപതയും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം സൂക്ഷിക്കുവാനും പി.ആർ കമ്മീഷനാണ് നേതൃത്വം നല്കുക.
4. അഭിവന്ദ്യ രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഫൊറോന-ഇടവക തലങ്ങളിൽ പി.ആർ കമ്മീഷന്റെ നിർദ്ദേശാനുസൃതം ഫൊറോന-സമിതിയുടെ മേൽനോട്ടത്തിൽ ഇടവകതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.
5. മൂന്നുവർഷത്തെ കാലാവധിയിൽ ബ. വികാരി ഇടവക പി.ആർ.ഒ മാരെ നിയമിച്ചിരിക്കുന്നു. ഇപ്പോഴുള്ള ഇടവക പി.ആർ.ഒ.മാരുടെ കാലാവധി 2015 ഡിസംബർ 31 വരെയാണ്. എല്ലാ ഇടവകകൾക്കും പി.ആർ.ഒ. മാരുണ്ട് എന്നത് രൂപതാ പി.ആർ കമ്മീഷനെ ഏറെ സഹായിക്കുന്നു.
6. രൂപതാ പി.ആർ കമ്മീഷൻ വർഷത്തിലൊരിക്കൽ ഇടവക പി.ആർ.ഒമാരുടെ സമ്മേളനവും, മാധ്യമ ദിനത്തോനുബന്ധിച്ച് മാധ്യമസെമിനാറും സംഘടിപ്പിച്ചു വരുന്നു.
7. പി.ആർ.ഒമാരുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ഇടവക പി.ആർ.ഒമാർക്ക് പ്രത്യേക പരിശീലനം നല്കുന്നു.
8. 'Link - എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന രൂപതാ പി.ആർ ഡയറക്ടറി രൂപതാ പി.ആർ കമ്മീഷന്റെയും, പി.ആർ എക്സിക്യൂട്ടിവിന്റെയും പ്രവർത്തനങ്ങൾക്ക് ഏകോപനം നല്കുന്നു.



**കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് 31/10/2015 "ഭാരതസംസ്കൃതിയും അസഹിഷ്ണുതയുടെ രാഷ്ട്രീയവും" എന്ന വിഷയത്തെക്കുറിച്ച് നടത്തിയ ആലോചനാസമ്മേളനം**

